വേദപ്രചാര

മദ്ധ്യസ്ഥൻ



Liscence No. 183.

വിഷയവിവരണിക.

ക്ര. ഇടയലേഖനം.

എ. പെ. പെ. ഞ ച മെത്രാനച്ചൻതിരുമനസ്സുകൊണ്ടു.

ഖ. മാർ യൌസേപ്പു പുണ്യവാനോടുജപം.

ഗ. ക്രിസ്മസ്സുമാഹാത്മ്യം.

പത്രാധിപർ.

ഘ. കന്യാംബികേജീയതാം (പദ്യം.)

ശ്രീമാൻ ജോസഫ് പനവേലി.

ങ. ആമരോത്തഭവം.

റവ. ഫാദർ ജോസഫ് വാച്ചാവരമ്പിൽ.

ച. റവ. ഫാദർ ഒണോരെ എസ്ജെ.

റവ. ഫാദർ കേസിചാണ്ടി ബി. [illegible] എൽ. റ്റി.

ഛ. കാളബലിയും കല്ലേറും.

റവ. ഫാദർ തോമ്മസ് പഴേപറമ്പിൽ

ജ. ഡിസംബർ മാസത്തിലെ പൊതുറിയേഗം.

ഝ. വർത്തമാനക്കുറിപ്പുകൾ.

ഞ. കുറ്റിച്ചൂരിക്കായ്യം.

ട. ഉപകാരസ്മരണകൾ.

ഠ. ചരമവാർത്തകൾ.

ഡ. പഞ്ചാംഗം.

ഢ. പരസ്യം.

മദ്ധ്യസ്ഥൻ.

പുസ്തകം ൪. } ൧൯൩൦. ഡിസംബർ. { ലക്കം ൧൨

No. 12.

ചങ്ങനാശേരി രൂപതയുടെ

എ. പെ. പെ. ബ. മെത്രാനച്ചൻ തിരുമനസ്സിലെ

ഇടയലേഖനം.

"ഉന്നതങ്ങളിൽ ദൈവത്തിനു സ്തുതി.
ഭൂമിയിൽ നന്മമനസ്സുള്ളവർക്കു സമാധാനം."

വന്ദ്യസഹോദരരേ, സ്നേഹിക്കപ്പെട്ട മക്കളേ,

പരമകാരുണികനായ സർവ്വേശ്വരൻ നമുക്കേവർക്കും ഈ വത്സരത്തിൽ ചെയ്തിട്ടുള്ള നിരവധി നന്മകൾക്കു പ്രതിനന്ദിയായി അങ്ങേയ്ക്കു സ്തുതിസ്തോത്രങ്ങൾ ചെയ്വാനുള്ള ഉത്തമാവസരം, വൽസരാവസാനമായ ഡിസംബറിൽ തിരുസഭ ആഘോഷിക്കുന്ന പ. ക. മറിയത്തിന്റെ അമലോത്ഭവത്തിന്റെയും ന. കർത്താവ് ഈശോമ്ശിഹായുടെ പിറവിയുടെയും തിരുനാളുകളാകുന്നു.

അമലോത്ഭവമറിയം വഴിയല്ലാതെ ദൈവം നമുക്കു യാതൊരു നന്മയും നൽകിയിട്ടില്ല. ആകയാൽ തിരുസഭ ഈ മാസാരംഭത്തിൽ തന്നെ (ഡിസംബർ ൮-ാംതീയതി) അമലോത്ഭവജനനിയുടെ തിരുനാൾ കൊണ്ടാടുന്നു. തിരുസഭയോടു ചേർന്നുകൊണ്ട് ഈ തിരുനാൾ എത്രയും ഭക്തിവണക്കത്തോടുകൂടി നാമും ആഘോഷിക്കേണ്ടിയിരിക്കുന്നു. നമ്മുടെ രൂപതയ്ക്ക് ഈ സുദിനം ഇക്കൊല്ലം ഏറ്റവും പ്രധാനപ്പെട്ട ഒന്നാകുന്നു. എന്തെന്നാൽ അമലോത്ഭവമാതാവിന്റെ നാമത്തിൽ പണിതിട്ടുള്ള രൂപതവക

പാറേൽ പള്ളി സ്ഥാപനത്തിന്റെ രജതജൂബിലി ഈ ആണ്ടിൽ തന്നെയാണു്. അതു് ആഡംബരപൂർവം ആഘോഷിക്കേണ്ടതു് നമ്മുടെ കടമയാകയാൽ മറ്റാഘോഷങ്ങൾക്കു പുറമെ, അമലോത്ഭവത്തിരുനാളിന്റെ തലേദിവസമായ ഒ-ാംതീയതി ഉച്ചകഴിഞ്ഞു 2 മണിക്കു നമ്മുടെ അരമനയിൽനിന്നു പാറേൽ പള്ളിവരെ വി. കുർബാനയുടെ പ്രദക്ഷിണം നടത്തുന്നതിനു നാം നിശ്ചയിച്ചിരിക്കുന്നു. സൌകര്യമുള്ള എല്ലാ വൈദികരും വിശ്വാസികളും ഹൃദയവെടിപ്പോടുകൂടി അതിൽ ഭാഗഭാക്കുകളായി അമലോത്ഭവകനുകയുടെ ഉപകാരസ്മരണ ചെയ്യുമെന്നു നാം വിശ്വസിക്കുന്നു.

അപ്രകാരം അമലോത്ഭവമാതാവിന്റെ ആശീർവാദം വാങ്ങിക്കൊണ്ടു് വിശുദ്ധ അമ്മയുടെ ദിവ്യപുത്രന്റെ പിറവിത്തിരുനാൾ യഥാവിധി ഘോഷിക്കുന്നതിനു നാമോരോരുത്തരും ഒരുങ്ങേണ്ടിയിരിക്കുന്നു. ഉണ്ണി ഈശോയുടെ കുഞ്ഞുകൈകളിൽ സമർപ്പിക്കുന്നതിനു തക്കതായ കാഴ്ചകൾ തയ്യാറാക്കേണ്ടിയ സമയം ഇതുപവത്തുനോമ്പുകാലമാണെന്നുള്ളതു വിസ്മരിക്കുവാൻ പാടില്ല. മൂന്നുരാജാക്കന്മാരുടെ കാഴ്ചകളായ പൊന്നു്, മൂരുതം, കുന്തിരിക്കം എന്നിവതന്നെയാണു് ദിവ്യഉണ്ണി ഇന്നും നമ്മിൽനിന്നാഗ്രഹിക്കുന്നതു്. കുന്തിരിക്കം ദേവാലയത്തിലെ പ്രാർത്ഥനകളെ സൂചിപ്പിക്കുന്നു. അതിനാൽ ഈ നോമ്പുകാലത്തു് അനുദിനംദിവ്യപൂജയിൽ സംബന്ധിച്ചു് കർത്താവിന്റെ സുഗന്ധബലിയോടു യോജിച്ചുള്ള നമ്മുടെ പ്രാർത്ഥനകൾ കുന്തിരിക്കത്തിന്റെ ധൂമംപോലെ സ്വർഗ്ഗത്തിലേക്കുയരട്ടെ.

"മൂരുതം" ഒരു ഔഷധമായിരിക്കുന്നു. നോമ്പു്, ഉപവാസം, ഉറക്കൊഴിച്ചിൽ ആദിയായ തപക്രിയകളാകുന്ന പാപത്തിനുള്ള സിദ്ധൌഷധം എന്നോർമ്മ മനസ്സിലാക്കി താദൃശകൃത്യങ്ങൾ ധാരാളം ചെയ്യുമൊരുളിനു പകരം ഉണ്ണി ഈശോയ്ക്കു കാഴ്ചവെക്കേണ്ടിയിരിക്കുന്നു.

പൊന്നു ധന സഹായത്തെ അത്രെ സൂചിപ്പിക്കുന്നതു്. ദൈവരാജ്യം പരത്തുന്നതിനു് ഈശോരാജാവിനു സ്വർണ്ണവും ആവശ്യ

മാണു്. ഈ തത്വം മനസ്സിലാക്കി വേദപ്രചാരത്തിനായി ധന സഹായം ചെയ്തിട്ടുള്ളവരെ ഉണ്ണിഈശോ തന്റെ കൈതുകൈകരംകൊണ്ടു് എന്നെന്നേയ്ക്കും ആശീർവദിക്കട്ടെ എന്നു് നാം സദാ പ്രാർത്ഥിക്കുന്നു. ഇനിയും ഈ കാര്യത്തിൽ ഇതിൽ അധികമായി നമ്മുടെ പ്രിയപ്പെട്ട വൈദികരും വിശ്വാസികളും നമ്മെ സഹായിക്കുമെന്നു നമുക്കു ശരണമുണ്ടു്. എന്തെന്നാൽ നമ്മുടെ പ്രതിക്ഷയിൽ കവിഞ്ഞു് നമ്മുടെവിശ്വാസപ്രചാരണ പരിശ്രമങ്ങളെ ദൈവം ആശീർവദിച്ചിരിക്കുന്നു എന്നുള്ളതിനു ബഥനിയുടെ മാർഇവാനിയോസു് മെത്രാപ്പോലീത്താ തിരുമനസ്സും തിരുവല്ലാ മെത്രാൻ മാർ തിയോഫിലസ് തിരുമേനിയും കത്തോലിക്കാ സഭയായ ബെത്തലഹിമ്മിൽ വന്നുചേർന്നതു് ഒരു പ്രത്യക്ഷലക്ഷ്യമല്ലയൊ? ഇത്രവലിയ അനുഗ്രഹാ അവക്ഷാ നമുക്കും ചെയ്ത സർവ്വശക്തനെ നമ്മോടുകൂടി സന്തോഷസമേതം നിങ്ങളും സ്തുതിപ്പിൻ.

എന്നാൽ ഈ നല്ല ഇടയന്മാക്കു താമസിക്കുന്നതിനു് ഒരു തൊഴുക്കുടുപോലും ഉണ്ടായിട്ടില്ല എന്ന കേൾക്കുന്നതു് എത്രയോ സങ്കടകരമായിരിക്കുന്നു. ഈ ദുർഘടാവസ്ഥയിൽ അവരെ യഥാശക്തി സഹായിക്കേണ്ടതു് നാമേവരുടേയും കടമയാണെന്നു പറയേണ്ടതില്ല. ഓരോ സല്പസ്ഥാനങ്ങളിൽ പള്ളികളും വച്ചുകൊടുക്കുന്നതിനാവശ്യമുള്ള ധനസഹായം വന്ദ്യവൈദികരും വിശ്വാസികളും ചെയ്യുന്ന പക്ഷം അതു നിശ്ചയമായും ഉണ്ണിഈശോയ്ക്കു മൂന്നുരാജാക്കന്മാർ കാഴ്ചവച്ചതായ പൊന്നിനു സമമായിരിക്കുകയും തദ്വാരാ ഈ ക്ഷാമകാലത്തു് ഒന്നിനു നൂറായി ആ ദിവ്യഉണ്ണി നമുക്കു പ്രതിഫലം നൽകി നമ്മെ അനുഗ്രഹിക്കുകയും ചെയ്യുമെന്നു ന്യായമായി നമുക്കു വിശ്വസിക്കാം.

വന്ദ്യസഹോദരരെ, വാൽസല്യ മക്കളേ,

വേദപ്രചാരാർത്ഥം നിങ്ങളുടെ സഹകരണത്തോടുകൂടി ചിലതെല്ലാം ചെയ്യുന്നതിനും അവയുടെ സൽഫലങ്ങളെ കുറഞ്ഞൊന്നു കാണുന്നതിനും ഇതിനകം നമുക്കിടയാക്കിയ അനുഗ്രഹമുള്ള ദൈവത്തിനു നാം പ്രത്യേകം സ്തുതി പറയുന്നു. എന്നാൽ നോ

മിലുള്ള വേദപ്രചാരത്തിസഖ്യതയുടെ ഒരു ശാഖാസംഘം നമ്മുടെ കൃപയിൽ സ്ഥാപിച്ചു് നിങ്ങളേയും അതിൽനിന്നു ലഭിക്കുന്ന നിരവധി ആദ്ധ്യാത്മികനന്മകളിൽ ഭാഗഭാക്കുകളാക്കേണമെന്നുള്ള നമ്മുടെ ആഗ്രഹത്തിന്റെ നിവർത്തിക്കായും പുനരൈക്യപ്പെട്ട സഹോദരങ്ങളെ സഹായിക്കുന്നതിനായും "പുനരൈക്യസഹായസമാജം" എന്ന പേരിൽ ഒരു സംഘം സ്ഥാപിക്കുന്നതിനു പലപ്പോഴും താല്പര്യമുള്ളതായി നമുക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നു എന്നുള്ള സന്തോഷവാർത്ത നിങ്ങളെ അറിയിക്കുകയും അപ്രകാരം സ്ഥാപിതമാകുന്ന സമാജത്തിൽ ബ. വൈദികരും വിശ്വാസികളും വേണ്ടവിധം സഹകരിക്കണമെന്നു നാം ആഗ്രഹിക്കുകയും ചെയ്യുന്നു.

അവസാനമായി തൊഴുത്തിൽ പിറന്ന ദിവ്യഉണ്ണിയുടെ ദാരിദ്ര്യക്ലേശം കണ്ടു് ഏറ്റവും ദുഃഖിച്ചവനായ വി. യൗസേപ്പിന്റെ മഹിമയെ ധ്യാനിച്ചുകൊണ്ടു നാട്ടിൽ വർദ്ധിച്ചുവരുന്ന ക്ഷാമബാധയെ അകറ്റുന്നതിനായി ഡിസംബർ വ്യാംതീയതി മുതൽ ഇനി ഒരു കല്പന ഉണ്ടാകുന്നതുവരെ നമ്മുടെ കൃപയിലുള്ള എല്ലാ കുടുംബങ്ങളിലും കൊന്തനമസ്കാരത്തിനു ശേഷവും ദേവാലയങ്ങളിൽ ദിവ്യപൂജാനന്തരവും "ഭാഗ്യപ്പെട്ട മാർ യൗസേപ്പേ" എന്നാരംഭിക്കുന്ന ഫ്രാൻസീസ് ലേയോൻ മാപ്പ്രാപ്പായുടെ ജപം പ്രതിദിനം ചൊല്ലണമെന്നാജ്ഞാപിച്ചുകൊണ്ടും പിറവിയുടേയും പുതുനാണ്ടിന്റേയും മംഗളം ഏവർക്കും ആശംസിച്ചുകൊണ്ടും ഉണ്ണിയേശുവിന്റെ നാമത്തിൽ എല്ലാവരേയും നാം ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

മാർയൗസേപ്പു പുണ്യവാനോടുജപം.

ഭാഗ്യപ്പെട്ട മാർ യൌസേപ്പേ! ഞങ്ങളുടെ അനർത്ഥങ്ങളിൽ അങ്ങേപ്പക്കൽ ഓടിവന്നു് അങ്ങേ പരിശുദ്ധഭാര്യയോടു്, സഹായം അപേക്ഷിച്ചതിന്റെ ശേഷം, അങ്ങേ മദ്ധ്യസ്ഥതയേയും ഞങ്ങളിപ്പോൾ മനോശരണത്തോടുകൂടെ യാചിക്കുന്നു.

ദൈവജനനിയായ അമലോത്ഭവകന്യകയോടു്, അങ്ങേ ഒന്നിപ്പിച്ച പക്ഷത്തെക്കുറിച്ചും, ഉണ്ണിഈശോയെ അങ്ങുന്നു് ആലിംഗനം ചെയ്തു് അങ്ങേ പിതാവിനോടുള്ള സ്നേഹത്തെക്കുറിച്ചും ഈശോമ്ശിഹാ തന്റെ തിരുരക്തത്താൽ നേടിയ അവകാശത്തിന്മേൽ കൃപയോടെ നോക്കണമെന്നും അങ്ങേ ശക്തിയാലും വല്ലഭത്വത്താലും ഞങ്ങളുടെ ആവശ്യങ്ങളിൽ ഞങ്ങളെ സഹായിക്കണമെന്നും എളിമയോടെ അങ്ങയോടു ഞങ്ങൾ പ്രാത്ഥിക്കുന്നു.

തിരുക്കുടുംബത്തിന്റെ എത്രയും വിവേകമുള്ള കാവൽക്കാരനേ, ഈശോമ്ശിഹായുടെ തെരഞ്ഞെടുക്കപ്പെട്ട ജനത്തെ ആട രിക്കണമെ. എത്രയും പ്രിയമുള്ള പിതാവേ, അബദ്ധത്തിന്റെയും വഷളത്വത്തിന്റെയും കറകളൊക്കെയിൽനിന്നും ഞങ്ങളെ കാത്തുരക്ഷിക്കേണമെ. ഞങ്ങളുടെ എത്രയും വല്ലഭനായ പാലകനേ, അന്ധകാരങ്ങളുടെ ശക്തികളോടു ഞങ്ങൾ ചെയ്യുന്ന യുദ്ധത്തിൽ, സ്വർഗ്ഗത്തിൽനിന്നു് ഞങ്ങളെ കൃപയോടെ സഹായിക്കണമെ.

അങ്ങുന്നു് ഒരിക്കൽ ഉണ്ണി ഈശോയെ മരണകരമായ അപകടത്തിൽനിന്നു രക്ഷിച്ചതുപോലെ, ഇപ്പോഴും ദൈവത്തിന്റെ തിരുസഭയെ ശത്രുവിന്റെ കണിയിൽനിന്നും ആപത്തുകളൊക്കെയിൽനിന്നും കാത്തുകൊള്ളണമെ. ഞങ്ങൾ അങ്ങേ മാതൃകയെ അനുസരിച്ചു് അങ്ങേ സഹായത്താൽ ബലം പ്രാപിച്ചു്, പുണ്യജീവിതം കഴിപ്പാനും, നല്ലമരണം മരിച്ചു്, സ്വർഗ്ഗത്തിൽ നിത്യഭാഗ്യം പ്രാപിപ്പാനും തക്കവണ്ണം അങ്ങേ മദ്ധ്യസ്ഥതയാൽ ഞങ്ങളെല്ലാവരെയും എല്ലായ്പ്പോഴും കാത്തുകൊള്ളണമെ. ആമ്മേൻ ഈശോ.

വിവരം.—(ക) അമ്പത്തുമൂന്നുമണിജപം ചൊല്ലിക്കഴിഞ്ഞു ഇതു ജപിക്കുന്നവർക്കു തുലാമാസത്തിൽ ദിവ്യസന ൧൮൫൭. ൯ മ ണ്ഡ. ഭ. വി. (ഖ) മറ്റുള്ള ദിവസങ്ങളിൽ പ്രതിദിനം ൫൦൦ദി. ഭ. വി.

ഫനു-ാം ലെ ഓ. മാപ്പ്ാപ്പാ.

ക്രിസ്മസ്സ് മാഹാത്മ്യം.

ഡിസംബർ ൨൫ാംനു- ഭൂലോകമാസകലം ആഘോഷിക്കപ്പെടുന്ന ഒരു മഹാമഹമാണല്ലോ ക്രിസ്തുമസ്സു്. ഈ മഹാദിനത്തിൽ ദൈവപുത്രനായ സാക്ഷാൽ ഈശോമിശിഹായുടെ മനുഷ്യാവതാരത്തെയാണു് നാം കൊണ്ടാടുന്നതു്. ദൈവസുതന്റെ മനുഷ്യാവതാരത്തെപ്പോലെ ഭൂലോകചരിത്രത്തെ സ്പർശിച്ചിട്ടുള്ള വേറൊരു സംഭവം ലോകത്തിലുണ്ടായിട്ടില്ല. പ്രാചീനകാലവും ആധുനികകാലവും തമ്മിൽ വേർതിരിക്കുന്ന ഈ മഹാസംഭവത്തിന്റെ മാഹാത്മ്യത്തെപ്പറ്റി ഏതാനും സംഗതികൾ ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

ആദ്യമായി ഈശോമിശിഹയുടെ മാനുഷ്യാവതാരരഹസ്യത്തിന്റെ സ്വഭാവത്തെപ്പറ്റി പര്യാലോചിക്കേണ്ടിയിരിക്കുന്നു. പരിശുദ്ധാത്മപിതാവിന്റെ രണ്ടാമത്തെ ആൾ അനാദിതൊട്ടു്, പിതാവിൽനിന്നു പുറപ്പെടുന്നു. എന്നാൽ ഈ പുത്രൻതന്നെയാൻ തന്റെ ദൈവീകസ്വഭാവത്തിനു യാതൊരു ഭംഗവും കൂടാതെ മനുഷ്യനായി അവതരിച്ചു എന്നുള്ളതു്, സാക്ഷാൽ ക്രിസ്തീയസഭയിലെ സത്യവിശ്വാസമാകുന്നു. മനുഷ്യനായി അവതരിച്ച ദൈവപുത്രൻ പരിപൂർണ്ണദൈവവും പരിപൂർണ്ണമനുഷ്യനുമായിട്ടാണു് ലോകത്തിൽ അവതരിച്ചിട്ടുള്ളതു്. ആകയാൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും കൂടികലരുകയാകട്ടെ ഒന്നു മറ്റൊന്നായി പകരുകയാകട്ടെ മൂന്നാമതൊന്നായി പരിണമിക്കുകയാകട്ടെ ചെയ്തിട്ടില്ല.

ഈ തത്വം ക്രിസ്തീയമതത്തിന്റെ മൂലതത്വങ്ങളിൽ ഒന്നാകുന്നു. ആകയാൽ ഈ തത്വത്തെ നിഷേധിക്കുന്നവരെ അബദ്ധവിശ്വാസികളായിട്ടാണു് സഭ എല്ലാപ്പോഴും പരിഗണിച്ചിട്ടുള്ളതു്. നാലാം ശതകത്തിൽ ഉത്ഭവിച്ച നെസ്തോറിയൻ അബദ്ധവും അതിനെതിരായി അതാതുകാലത്തു തന്നെ ഉത്ഭവിച്ച ഏകസ്വ

ഭാവവാദവും സാക്ഷാൽ മേല്പറഞ്ഞ ക്രിസ്തീയതത്വത്തിന്റെ നിഷേധരൂപമാകുന്നു. അയതുകൊണ്ടാണു് എപ്പോസ്സൂസ് സൂനഹദോസ് നെസ്തോറിയരേയും, കൽക്കദോന്യാസൂനഹദോസ് ഏകസ്വഭാവവാദികളേയും, ശപിക്കുകയുണ്ടായിട്ടുള്ളതു്.

പുത്രൻതമ്പുരാന്റെ ഈ മനുഷ്യാവതാരം മനുഷ്യകുലത്തിന്റെ പേരിൽ ദൈവത്തിനുള്ള അതിരറ്റ സ്നേഹത്തിന്റെ ഒരടയാളമാണു്. എന്തുകൊണ്ടെന്നാൽ ദൈവം മനുഷ്യസ്വഭാവം സ്വീകരിച്ചപ്പോൾ വിശപ്പു ദാഹം, മുതലായ ശാരീരിക ബലഹീനതകളേയും, സ്നേഹം ദയ സഹതാപം തുടങ്ങിയ ആൽമീകവശങ്ങളേയും സ്വയം സ്വീകരിക്കുകയുണ്ടായി. ഇക്കാരണത്താൽ മിശിഹായുടെ മനുഷ്യസ്വഭാവത്തെപ്പറ്റി യാതൊരു സംശയത്തിനും നമുക്കവകാശമുണ്ടാകുന്നില്ലെന്നു മാത്രമല്ല, വികാരങ്ങളെ അടക്കുന്നതിനും വേദനകളെ സഹിക്കുന്നതിനും നമുക്കു് ആവശ്യപ്പെട്ട സന്മാതൃകകളെ ദൈവം പ്രദാനം ചെയ്യുകയും ചെയ്യുന്നു. എന്നുതന്നെയുമല്ല മിശിഹായുടെ ഈമനുഷ്യ സ്വഭാവസ്വീകരണവും തന്മൂലമുള്ള ശാരീരികബലഹീനതകളും മൂലമാണല്ലോ കഷ്ടാനുഭവത്താൽ ലോകരക്ഷചെയ്യുന്നതിനു് മിശിഹായ്ക്കു സാധിച്ചിട്ടുള്ളതു്. കുരിശുമരണശേഷവും മിശിഹായുടെ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും അവിഭാജ്യമായി നിത്യകാലവും സ്ഥിതിചെയ്യുന്നതു്, സാക്ഷാൽ ദൈവവും മനുഷ്യനും തമ്മിലുള്ള നിത്യസഖ്യത്തിന്റെ ഒരു മകുടോദാഹരണം കൂടിയാണു്.

മനുഷ്യാവതാരം മൂലം പുത്രൻതമ്പുരാനിൽ വന്നുകൂടിയിട്ടുള്ള ഫലങ്ങളും എന്തെന്നു പരിശോധിക്കുക. പുത്രൻതമ്പുരാൻ മനുഷ്യകുലത്തിന്റെ തലവനും, മനുഷ്യർക്കുവേണ്ടി ദൈവസന്നിധിയിൽ മാദ്ധ്യസ്ഥം വഹിയ്ക്കുന്ന ആളുമാണു്. ക്രീതത്തിന്റെ മണ്ഡപമാളിനെ മനുഷ്യകുലത്തിന്റെ പ്രവാചകനും പുരോഹിതവര്യനും രാജാവും ആക്കിത്തീർത്തിട്ടുള്ളതും സാക്ഷാൽ മനുഷ്യാവതാരമാണു്.

ദൈവപുത്രന്റെ മനുഷ്യാവതാരംമൂലം പരിശുദ്ധകന്യാസ്ത്രീമറിയത്തിനു് ഉണ്ടായിട്ടുള്ള മാഹാത്മ്യമാണു് ഇനിയും പരി

ശോധിക്കേണ്ടിയിരിക്കുന്നതു്. പരിശുദ്ധകന്യാസ്ത്രീമറിയം മിശിഹായെ ഗർഭം ധരിച്ചു് പ്രസവിക്കുക കാരണം, അവർ ദൈവമാതാവെന്ന മഹനീയ സംജ്ഞയുടെ പാത്രീഭവിക്കുകയുണ്ടായി. ഇതിൽ കൂട്ടുതലായ ഒരു ബന്ധം മനുഷ്യനും ദൈവവും തമ്മിൽ ഉണ്ടാകുവാൻ സാധിക്കുന്നതല്ല. മാതാവും പുത്രനും തമ്മിലുള്ള ബന്ധം വേറെ ഉദ്ധികമായിട്ടുള്ളതല്ല. അതു് ആദ്ധ്യാത്മീകം കൂടിയാണു്. അക്കാരണത്താലാണു് പരിശുദ്ധ കന്യാസ്ത്രീമറിയം ഉത്ഭവം മുതൽ അനിതര സൃഷ്ടിസാധാരണമായ ദൈവാനുഗ്രഹ പാത്രമായി ഭവിച്ചിട്ടുള്ളതും, സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും രാജ്ഞിയെന്ന നിലയിൽ മനുഷ്യകുലത്തിനുവേണ്ടി അപേക്ഷിക്കുന്ന മദ്ധ്യസ്ഥയായി ഭവിച്ചിട്ടുള്ളതും. ആകയാൽ നാം പരിശുദ്ധകന്യകയെ വണങ്ങുന്നതിനുള്ള പ്രഥമവും പ്രധാനവുമായ കാരണം അവരുടെ ദൈവമാതൃത്വമാകുന്നു. അഥവാ പരിശുദ്ധകന്യകയെ നാം ബഹുമാനിക്കുമ്പോൾ നാം അവരുടെ പുത്രനായ ദൈവസുതനെയത്രെ വണങ്ങുന്നതു്.

മിശിഹായുടെ മനുഷ്യാവതാരം മൂലം ദൈവമാതാവിനുണ്ടായ മാഹാത്മ്യത്തിന്റെ ഒരംശം മനുഷ്യജാതിക്കാകപ്പാടെ സിദ്ധിച്ചിട്ടുള്ളതാണെന്നു കൂടി പറയാവുന്നതാണു്. "വചനം മാംസമായി നമ്മിൽ കുടിയിരുന്ന"തിന്റെ ഫലമായി ദൈവം നമ്മുടെ സഹോദരനായി ഭവിച്ചു. തൽഫലമായി മനുഷ്യസ്വഭാവം വാനാത്മികളുടെയും ആരാധനാവിഷയമായി ഉന്നതമായ സ്വർഗ്ഗീയസിംഹാസനത്തിൽ സ്ഥിതി ചെയ്യുവാൻ ഇടയാകയാൽ മനുഷ്യസ്വഭാവത്തിനു സിദ്ധിച്ചിട്ടുള്ള മഹത്വം അനുദ്യശംതന്നെയാണു്. എന്നാൽ മിശിഹാ മനുഷ്യാവതാരം മൂലം നമ്മുടെ സഹോദരനായി തീർന്നതു മാത്രമല്ല ഇവിടെ ചിന്തിക്കേണ്ടതു്. അദ്ദേഹം നമ്മുടെ ശിരസ്സും നാം അദ്ദേഹത്തിന്റെ ജ്ഞാനശരീരത്തിലെ അംഗങ്ങളുമായി തീർന്നിരിക്കുന്നു. ആകയാൽ മിശിഹായുടെ ദൈവപുത്രൻ എന്നുള്ള മഹനീയ പദവിയിൽ ഒരു ഭാഗം നമുക്കും ലഭിക്കുന്നതാകുന്നു. എന്നുതന്നെയുമല്ല മിശിഹായുടെ പാ

(ശേഷം ഫ്രവ്രൻ-ാം പക്ഷം നോക്കുക.)

"കന്യാംബികേ! ജീയതാം."

(ജേ. ജോസഫ് പനവേലി നെടുമുടി.)

(ഇംഗ്ലീഷിൽ നിന്നു്.)

ക നാകത്തിന്നുടയോരുരാജ്ഞി! ധരന്തൻനാഥേ! സുകന്യാമണേ!
ശ്രീകോലുന്നമലോത്ഭവേ! പുലർദ്ദിവംതൻദീപുമാംതാരമേ!
ആകാരാഭയതിന്നെഴുംനിലയമേ! സച്ചിന്മയാംബേ! സതേ!
പാകത്തിൽസുരഗാനമധ്യമതിൽനീ കന്യാംബികേ! ജീയതാം.

വ യാക്കോബിൻപുത്രതാരമേ! സുരജനംതൻറാണി! മത്ത്യാംബികേ
ചൊൽക്കൊണ്ടീടിനസോളമാഖ്യനവരൻതൻപീഠമേ! നിർമ്മലേ!
ഉൽകൃഷ്ടാമലപുഷ്പവാഹിലതയേ! മാതേ, വിശുദ്ധക്കെഴു—
ന്നള്ളേറുന്നമലാഗ്രഹാരമണിയേ! കന്യാംബികേ! ജീയതാം.

ന ത്രിതപം വാണരുളും കുടിരമതുനീ; ശ്രുദ്ധതപസന്മൂത്തിനീ;
മുന്തിന്നാസ്പദമായ ചിത്രവനവുംനീ, പത്തനംദിവ്യവും,
ഉത്തുംഗാഭകലൻതൻ മുള്ളിനിടയിൽ ശോഭിച്ചിട്ടംറോസനീ,
കുലൻനാരകഭോഗിതൻമഥനനീ, കന്യാംബികേജീയതാം.

മ താരാളിപ്രഭചേന്മൈലിചികരം ചിന്നംശിരസ്സിങ്കലും,
വാരഞ്ഞിതരണീമരീചിപൊരുതും പൂവാടപൊന്മെയ്യിലും,
പാരെല്ലാമുടക്കിവാഴുമജദായാഭൻകരാബ്ജത്തിലും,
പേരാളുന്നകുലശലേഖപദപാഥോജത്തിലുംചേർന്നീ,

ഒ പാരാവാരതരംഗമദ്ധ്യഗതർതന്നുദ്ദേലടിപ്പോഡുംവാം;
നാരിജാതിയിൽവീഴ്മൂലമൊരുനൂർയുഗിത്തുതന്നേയുമാം;
ചാരിത്രത്തിനുചാരുമൂർത്തിയതുമാമെല്ലാംനിനച്ചിടവേ,
പാരിൽനീയൊരുചിത്രസൃഷ്ടി; നിതരാംകന്യാംബികേ! ജീയതാം.

(യുഗ്മകം)

അമലോത്ഭവം.

(റവ. ഫാദർ ജോസഫ് വാച്ചാപറമ്പിൽ.)

കത്തോലിക്കാസഭ പരിശുദ്ധകന്യകമറിയത്തിന്റെ അമലോത്ഭവസ്മരണയ്ക്കായി സമർപ്പിച്ചിരിക്കുന്ന ഡിസംബർമാസം എട്ടാംതീയതി സമീപിച്ചിരിക്കുന്നതിനാൽ ഈ വിഷയത്തിൽ സഭയുടെ വിശ്വാസം എന്തെന്ന് മുമ്പേക്കമായിട്ടെങ്കിലും പ്രസ്താവിക്കുന്നതു പലതുകൊണ്ടും ഉപകാരപ്രദവും സന്ദർഭോചിതവുമായിരിക്കുമെന്നു വിശ്വസിക്കുന്നു.

പരിശുദ്ധകന്യകമറിയം അമലോത്ഭവയാണെന്നുള്ളതു് ഇന്നു കത്തോലിക്കാ സഭയിലെ ഒരു വിശ്വാസസത്യമാണു്. ഈവിഷയത്തിൽ പൂർവ്വകാലം മുതൽ സഭയുടെ വിശ്വാസം ഇതുതന്നെ ആയിരുന്നു. ലോകപരിത്രാതാവായ മിശിഹായുടെ മാതാവു് ഒരൊറ വിനാഴികപോലും ഉത്ഭവദോഷത്താൽ പിശാചിന്റെ അടിമയിൽ ആയിരുന്നില്ലെന്നും എല്ലാപാപക്കറകളിൽനിന്നും ഈ അമ്മ എപ്പോഴും സുരക്ഷിതയായിരുന്നുവെന്നും കത്തോലിക്കസഭ പൂർവകാലം മുതലേ വിശ്വസിച്ചുപോന്നു. എല്ലാസഭാപിതാക്കന്മാരുടെയും മിക്കവേദവിദ്യാപാരംഗതന്മാരുടെയും അഭിപ്രായം ഇതുതന്നെ. ശ്ലീഹന്മാരുടെ കാലം മുതൽക്കുള്ള രേഖകൾതന്നെ ഇക്കാര്യത്തിൽ തെളിവായി പറയാവുന്നതാണു്. അന്ത്രയോസ് ശ്ലീഹായുടെ പാടുപീഡകളെ വിവരിക്കുന്ന ക്രൂത്തിൽ ആദ്യമനുഷ്യൻ എപ്രകാരം നിർമ്മലഭൂമിയിൽനിന്നു സൃഷ്ടിക്കപ്പെട്ടുവൊ അപ്രകാരം തന്നെ പരിപൂർണ്ണൻ (മിശിഹാ) അമലോത്ഭവയായ അമ്മയിൽനിന്നു ജനിച്ചുവെന്നു പറയപ്പെട്ടിരിക്കുന്നു. പിശാചിനാൽ തൊട്ടുകൂടപ്പെടാതെയും ആ ഭയങ്കര സർപ്പത്തിന്റെ വിഷമേൽക്കാതെയും ഏറ്റവും പരിശുദ്ധയും നിർമ്മലയും ആയ അമ്മയെന്നു വേദശാസ്ത്രിയായ ഒറീജിനസ് മറിയത്തെ വിളിക്കുന്നു. സകലവിധ പാപക്കറകളിൽ നിന്നും മലിനത

യിൽനിന്നും സുരക്ഷിതയെന്നു വി. അപ്രേമും; ദൈവാനുഗ്രഹത്താൽ പാപത്തിന്റെനിഴൽപോലും ഏൽക്കാത്ത കന്യകയെന്നു വി. അമ്പ്രോസീസും; ആദ്യമനുഷ്യന്റെ ഭാര്യയെ പിശാച് വഴിതെറ്റിക്കയും പാപക്കറയാൽ അവളെ മലിനമാക്കുകയും ചെയ്തെങ്കിലും രണ്ടാമത്തെ മനുഷ്യന്റെ (മിശിഹായുടെ) അമ്മയുടെ ആത്മാവും ശരീരവും ദൈവംപരിശുദ്ധവും നിർമ്മലവുമായി കാത്തുരക്ഷിച്ചുവെന്ന് വി. ഫ്രംജെൻസിസും സാക്ഷിക്കുന്നു. ഇപ്രകാരമുള്ള മറനവധി സാക്ഷികളെ വിസ്തരഭയത്താൽ മാത്രം ഉപേക്ഷിക്കുന്നു.

എന്നാൽ പരിശുദ്ധകന്യകമറിയത്തിന്റെ നേർക്കുള്ള വണക്കവും, ഭക്തിപരമായ ഈ വിശ്വാസവുംകൊണ്ട് മറിയത്തിന്റെ അമലോത്ഭവം ഒരു വിശ്വാസസത്യമായി ആദികാലങ്ങളിൽ പ്രഖ്യാപനം ചെയ്തിട്ടില്ലായിരുന്നെങ്കിലും, പിന്നീട് അതിനെതിരായി പ്രസംഗിക്കുന്നതും പഠിപ്പിക്കുന്നതും അവിവേകവും മുടക്കപ്പെട്ടതും ആണെന്നു വിധിക്കുകയുണ്ടായി. കാലാന്തരത്തിൽ അനേകം മെത്രാപ്പോലീത്താമാരും മെത്രാന്മാരും അനവധി വൈദികരും, പല രാജാക്കന്മാരും, നിരവധി വിശ്വാസികളും, സഭയുടെ തലവനായ മാപ്പാപ്പായോട് പ. ക. മറിയം അമലോത്ഭവയെന്ന കത്തോലിക്കരുടെ പൊതുവിശ്വാസം ഒരു വിശ്വാസസത്യമായി പ്രഖ്യാപനംചെയ്യുന്നതിനായി അഭ്യർത്ഥിച്ചു.

ഭാഗ്യസ്മരണയ്ക്കർഹനായ പീയൂസ് ഒൻപതാമൻ പ. ക. മറിയം അമലോത്ഭവയെന്നുപ്രഖ്യാപനം ചെയ്യുന്നതിനുമുൻപു്, കത്തോലിക്കാലോകത്തിലെ സകലമെത്രാന്മാർക്കും ഗ്രൂപ്പ്-രഹസ്യം ഫെബ്രുവരി മാസം 2-ാംതീയതി ഒരു തിരുവെഴുത്തു് അയയ്ക്കുകയത്രെ ചെയ്തതു്. ഈ തിരുവെഴുത്തുമൂലം പരിശുദ്ധപിതാവു് സകല മെത്രാന്മാരോടും ആവശ്യപ്പെട്ടിരുന്നതു്, അവരോരുത്തരുടേയും, വൈദികരുടെയും, വിശ്വാസികളുടെയും അമലോത്ഭവഭക്തിയും, ഈ വിഷയം പ. സിംഹാസനത്തിൽനിന്നു തീരുമാനിക്കുന്നതിനുള്ള അവരേവരുടേയും ആഗ്രഹവും രേഖപ്പെടുത്തി റിപ്പോർട്ടു സമർപ്പിക്കുന്നതിനും ശരിയായ തീരുമാനം ചെയ്യുന്നതി

ന വേണ്ട വെളിവു ദൈവത്തിൽനിന്നു ലഭിക്കുന്നതിനായി എല്ലാവരും പ്രാർത്ഥിക്കുന്നതിനുമായിരുന്നു. അനുഗ്രഹിക്കപ്പെട്ട കന്യകമറിയം ഉത്ഭവദോഷവിഹീനയെന്നു തങ്ങളും തങ്ങളുടെ ഭരണത്തിലുള്ള സകലരും ഏറ്റവുമുറപ്പായി വിശ്വസിക്കുന്നുവെന്നും ഭക്തിസംവർദ്ധകമായ അവരുടെ ഈ വിശ്വാസം ഒരു വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്യുന്നതിനായി അഭ്യർത്ഥിക്കുന്നുവെന്നും ലോകത്തിന്റെ നാനാഭാഗത്തുനിന്നും അഞ്ഞൂറുമെത്രാന്മാരുടെ റിപ്പോർട്ടു ലഭിച്ചു. എന്നാൽ പരിശുദ്ധപിതാവു തൽക്ഷണം തന്നെ പ. ക. മറിയം അമലോത്ഭവയെന്നുപ്രഖ്യാപനം ചെയ്കയല്ല ചെയ്തതു്. പിന്നയോ ഈ കാര്യത്തെ സംബന്ധിച്ചു് ഒന്നുകൂടി ഗാഢമായി ആലോചിക്കുന്നതിനു ലോകത്തിലുള്ള സകലമെത്രാന്മാരേയും സന്തോഷപൂർവം റോമിലേക്കു ക്ഷണിക്കയത്രെ ചെയ്തതു്. ഏകദേശം ഫ്രാ മെത്രാന്മാരും അനേകം സന്ന്യാസശ്രേഷ്ഠന്മാരും വളരെ വേദശാസ്ത്രികളും റോമ്മിൽ കൂടിവേണ്ടവിധം ഈ വിഷയത്തെ സംബന്ധിച്ചു പര്യാലോചന ചെയ്തു് പരിശുദ്ധ കന്യക മറിയത്തിന്റെ അമലോത്ഭവം വിശ്വാസനിക്ഷേപത്തിൽ (deposit of Faith) പെട്ടതാണെന്നായി തീരുമാനിച്ചു. ഈ നിശ്ചയം ഒരു വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്യുന്നതിനായി നിർദ്ദേശിച്ച ദിവസം സഭ അമലോത്ഭവതിരുനാൾഘോഷിക്കുന്ന ഡിസംബർ വ-ാംതീയതിതന്നെ ആയിരുന്നു. ക്രിസ്താബ്ദം ക്രവർ-ാം വർഷം ഡിസംബർമാസം വ-ാംതീയതി ഭാഗ്യസ്മരണക്കർഹനായ, അമലോത്ഭവത്തിന്റെ പാപ്പായെന്ന അപരനാമത്തിൽ അറിയപ്പെട്ടുന്ന പീയൂസ് ഒൻപതാമൻ പത്രോസിന്റെ ബ്രഹ്മാണ്ഡമായ ബസ്ലിക്കായിൽ അനേകം കർദ്ദിനാളന്മാരാലും മെത്രാപ്പോലീത്താമാരാലും മെത്രാന്മാരാലും വൈദികരാലും വിശ്വാസികളാലും ചുറ്റപ്പെട്ടവനായി ദൈവീകസിംഹാസനത്തിൽ കയറി ഒന്നുകൂടി പരിശുദ്ധാത്മാവിയുടെ വെളിവു യാചിച്ചതിന്റെ ശേഷം സഭയുടെ പൊതുതലവൻ എന്ന നിലയ്ക്കു തന്റെ അധികാരത്തിൽ പ. ക. മറിയത്തിന്റെ അമലോത്ഭവത്തെ സംബന്ധിച്ചുള്ള തന്റെ അവസാനതീരുമാനം എല്ലാവരും നിശ്ശബ്ദതയോടെ പ്രതീക്ഷിച്ചുകൊണ്ടിരിക്കയിൽ ഇപ്രകാരം

അറിയിച്ചു. "പരിശുദ്ധകന്യകമറിയം ദൈവത്തിന്റെ പ്രത്യേകാനുഗ്രഹത്താലും ലോകരക്ഷകനായ മിശിഹായുടെ യോഗ്യതകളാലും അവളുടെ ഉത്ഭവവിനാഴികമുതൽ ജന്മപാപവിഹീനയായിരുന്നുവെന്നതു് ഒരു വിശ്വാസസത്യമാണു്." ഇപ്രകാരം പ. ക. മറിയത്തിന്റെ അമലോത്ഭവം ഒരു വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്തു് അവളുടെ മഹിമയാകുന്ന മകുടത്തിൽ ഏറ്റവും പ്രഭയോടുകൂടി ശോഭിച്ചിരുന്ന മാണിക്യത്തിന്റെ പ്രകാശത്തെ മറച്ചിരുന്ന തിരുശ്ശീലയെ പീയൂസു് ഒൻപതാമൻ മാറ്റി. ഇനിമേലിൽ പ. ക. മറിയം അമലോത്ഭവയെന്നതു് ഭക്തിഭാവമായ ഒരഭിപ്രായംമാത്രമല്ല. പ്രത്യുത എല്ലാകത്തോലിക്കരും ഏറ്റവും ഉറപ്പോടുകൂടി വിശ്വസിക്കേണ്ടതും സന്തോഷസമേതം അനുസരിച്ചു പറയേണ്ടതുമായ ഒരു വിശ്വാസസത്യം തന്നെയാണു്.

ഈ പ്രഖ്യാപനത്താൽ പരിശുദ്ധപിതാവു് ഒരു പുതിയവിശ്വാസസത്യം നിർമ്മിക്കുകയല്ല ചെയ്തതു്. പിന്നെയോ കത്തോലിക്കാസഭയുടെ സംരക്ഷണയിൽ ഏൽപ്പിച്ചിട്ടുള്ള ആ വിശുദ്ധഗ്രന്ഥത്തിലെ വെളിച്ചാടിനെ നിസ്സംശയമായവിധം ആലോചനപൂർവ്വം പ്രഖ്യാപനം ചെയ്കമാത്രമാണു് ചെയ്തതു്. മാറ്റാറ്റാമാർക്കു പുതിയവിശ്വാസസത്യങ്ങളെ നിർമ്മിക്കുന്നതിനോ പഠിപ്പിക്കുന്നതിനോ അധികാരമില്ല. എന്നാൽ വി. ഗ്രന്ഥത്തിലെ വാക്യങ്ങളാൽതാങ്ങപ്പെട്ടുന്നവയും കത്തോലിക്കാലോകത്തിൽ പൊതുവായി വിശ്വസിച്ചുപോരുന്നവയുമായവയെപരിതസ്ഥിതികളാൽ നിർബന്ധിക്കപ്പെട്ടുന്ന പക്ഷം വിശ്വാസസത്യമെന്നു പ്രഖ്യാപനം ചെയ്യേണ്ട കടമയും അവർക്കുണ്ടു്. ഇപ്രകാരമുള്ളവയെ മാറ്റാറ്റാമാർ വിശ്വാസസത്യമെന്നു പ്രഖ്യാപനം ചെയ്തതിന്റെ ശേഷം തന്നിമിത്തം വിശ്വസിക്കയും അനുസരിച്ചു പറയുകയും ചെയ്കയെന്നതു് സകല കത്തോലിക്കരുടെയും കടമയാണു്.

പരിശുദ്ധകന്യകയുടെ അമലോത്ഭവത്തെസംബന്ധിച്ച പാരമ്പര്യവിശ്വാസം എപ്രകാരമെന്നു നാം കണ്ടു. ഈ വിശ്വാസത്തെ ശക്തിയായി താങ്ങുന്ന തെളിവുകൾ വിശുദ്ധഗ്രന്ഥത്തിൽ ഇല്ലാതില്ല. സൃഷ്ടിയുടെ പുസ്തകം മൂന്നാം അദ്ധ്യായം പതി

നഞ്ചാംവാക്യം ഇതിനുത്തമദൃഷ്ടാന്തമാണ്. നമ്മുടെ ആദിപിതാവിന്റെ പാപത്തിനു ശേഷം ഒരു സ്ത്രീ നരകസർപ്പത്തിന്റെ തലയെ തകർക്കുമെന്നു ദൈവം പറഞ്ഞ ഭാഗമാണ് ഈ വാക്യം. സഭാപിതാക്കന്മാരുടെയും കത്തോലിക്ക വ്യാഖ്യാതാക്കളുടെയും അഭിമതപ്രകാരം പിശാചിന്റെ തലയെ തകർക്കേണ്ട സ്ത്രീരത്നം പ. ക. മറിയം തന്നെയാണ്. ആയതിനാൽ ദൈവം പിശാചിന്റെ ബദ്ധശത്രുവാക്കിത്തീർത്തിരിക്കുന്ന മറിയം അമലോത്ഭവയല്ലെങ്കിൽ വി. പൗലോസ്ശ്ലീഹാ പറയും പ്രകാരം അവളും മറ്റു സകല മനുഷ്യരെയും പോലെ ദൈവകോപത്തിൽ പിശാചിന്റെ അടിമയിൽ ജാതയായി എന്നുതന്നെ സമ്മതിക്കേണ്ടിവരും. ഇതു സ്വാഭാവികന്യായത്തിനു യോജിച്ചതൊ? പ. ക. മറിയം മിശിഹായുടെ മാതാവാകേണ്ടവളല്ലയോ? അതെ മിശിഹായുടെ മാംസവും തന്റെ ജീവനാഡികളിൽ ചലിക്കേണ്ട രക്തവും ഈ കന്യകയുടെ ഉദരത്തിൽനിന്നല്ലയോ സ്വീകരിക്കേണ്ടിയിരുന്നതും. ഈ സ്ഥിതിക്കു മറിയത്തെ സർവ്വവല്ലഭനായ ദൈവം ഒരു വിനാഴിക പിശാചിന്റെ അടിമയിൽ ഇരിക്കുന്നതിനനുവദിക്കുമൊ? പാപക്കറകളാൽ അശുദ്ധമാകാതെ സദാ ദൈവം അവളെ കാത്തു രക്ഷിക്കയില്ലയൊ? സർവ്വശക്തനായ ദൈവത്തിന് ഉത്ഭവദോഷരഹിതയായി പ. കന്യകയെ കാത്തുരക്ഷിക്കുവാൻ സാധിക്കുമൊ ഇല്ലയൊ എന്നുള്ളതിൽ അഭിപ്രായവ്യത്യാസത്തിനവകാശമില്ലല്ലൊ. ആയതിനാൽ ദൈവത്തിനു സാധിക്കുന്നതും ചെയ്യേണ്ടതുമായ ഒരു പ്രവൃത്തി ദൈവം ചെയ്തുവെന്നു വിശ്വസിക്കുന്നതിനാണല്ലൊ സ്വാഭാവികന്യായം നമ്മെ നിർബന്ധിക്കുന്നതു.

ഉത്ഭവദോഷമാകുന്ന ആ വൻതിരമാല മനുഷ്യവർഗ്ഗത്തിലുള്ള ഓരോ വ്യക്തിയേയും നിർദ്ദയം അടിച്ചമർത്തിക്കളഞ്ഞു. പക്ഷെ പ. ക. മറിയമായ പാറയിൽ അടിച്ചു് ആ ഭയങ്കര തിരമാലതന്നെ തകർന്നുപോയി.

റവ. ഫാദർ ഒണോരെ എസ്. ജെ

(റവ. ഫാദർ കെ. സി. ചാണ്ടി ബി. എ. എൽ. റ്റി.)

ഒരു പ്രകൃതിശാസ്ത്രജ്ഞൻ എന്ന നിലയിൽ സുപ്രസിദ്ധനും കേരളീയകത്തോലിക്ക യുവജനസംഘത്തിന്റെ സ്ഥിരാദ്ധ്യക്ഷൻ എന്ന നിലയിൽ കേരളീയരോട് അത്യധികം ബന്ധപ്പെട്ടവനുമായ റവറൻറ് ഫാദർ ഒണോരെ എസ്. ജെ. അവർകളും, "മദ്ധ്യസ്ഥൻ" വായനക്കാക്കു പക്ഷേ അത്ര സുപരിചിതനല്ലായിരിക്കാം. ഫ്രഞ്ചുകാരനും വിശ്വവിശ്രുതമായ ഈശോസഭയുടെ ഒരംഗവും ആയ ഇദ്ദേഹം തൃശ്ശിനാപ്പള്ളി രൂപതയിൽപ്പെട്ട ഒരു മിഷ്യനറിയും ഈശോസഭക്കാരുടെവക അവിടെയുള്ള സെൻറ്-ജോസഫ്സ് കോളജിലെ പ്രകൃതിശാസ്ത്ര പണ്ഡിതനും ആണ്. ന്യൂന വയസ്സ് ഇപ്പോൾ പ്രായമുള്ള ഇദ്ദേഹത്തിന്റെ സഭോപ്രവേശസുവർണ്ണജൂബിലി ദിനം ഇക്കഴിഞ്ഞ തുലാം ൨൦-ാംതീയതി ആയിരുന്നു. ഈ മഹാമഹം സംബന്ധിച്ചു ചില്ലറ ചില ആഘോഷങ്ങളും കേരളകത്തോലിക്കാ യുവജനസഖ്യകേന്ദ്രങ്ങളിൽ നടന്നു എങ്കിലും തൽസംബന്ധമുള്ള അതിന്റെ ഏകോപിതമായ ആഘോഷം അടുത്ത ധനു അവസാന ആഴ്ചയിൽ ഒല്ലൂർവെച്ചു നടത്തുവാനിരിക്കുന്ന അതിന്റെ വാർഷികമഹാസമ്മേളനാവസരത്തിൽ ഉണ്ടാകുന്നതാണു്. ഈ അവസരത്തെ യഥോചിതം കൊണ്ടാടേണ്ടതു് സംഘാംഗങ്ങളുടെ എന്നപോലെ കേരളീയകത്തോലിക്കർ ഏവരുടെയും ഒഴിച്ചുകൂടാത്ത ചുമതലയാണെന്നു നിസ്സംശയം പറയാം. നമ്മുടെ സമുദായത്തെ ഇത്രമാത്രം കപടമായും, നിസ്വാർത്ഥമായും സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്ന വേറൊരു വിദേശവൈദികൻ ഉണ്ടോ എന്നു തീർച്ചയില്ല. എന്നാൽ ഫാദർ ഒണോരെയേയൊ സമുദായോൽക്കർഷമായ അദ്ദേഹത്തിന്റെ ഉദ്യമങ്ങളെയൊപറ്റി കത്തോലിക്കജനതതിയിൽ ഉള്ള സാമാന്യമായ അജ്ഞത, കവിഞ്ഞൊഴുകുന്ന ഭക്ത്യാദരസ്നേഹവികാരങ്ങളെ അദ്ദേഹത്തോടു പ്രദർശിപ്പിക്കേണ്ട ഈ അവസര

ത്തിൽ സ്നേഹനിധിയും കൃതജ്ഞനുമായി നാം കാണപ്പെടുന്നതിനു മാത്രമല്ല സമുദായോന്നമനത്തിനായുള്ള അദ്ദേഹത്തിന്റെ പരിശ്രമങ്ങൾക്കു ലഭിക്കേണ്ട ഒത്താശകളും പ്രോത്സാഹനങ്ങളും ലഭിക്കാതിരിക്കുന്നതിനു കാരണവുമാകുന്നു.

കേരളീയരുമായിട്ടുള്ള ഫാദർ ഒണോരെയുടെ ഇടപാടു് കേ ക. യു. സ്ഥിരാഭ്യുക്ഷൻ എന്ന ഔദ്യോഗിക ബന്ധത്തേക്കാൾ വളരെ പഴക്കമുള്ളതാണു്. ഫ്രാൻസിനു നോടടുത്തു തുശ്ശിനാപ്പള്ളിയിലുള്ള സെൻറ് ജോസഫ്സ് കോളേജിലേക്കുണ്ടായ കേരളീയ കത്തോലിക്കാ വിദ്യാർത്ഥികളുടെ ഒഴുക്കു് ഇതിന്റെ ആരംഭദശയെ കുറിക്കുന്നു. അന്നു് അവിടെ തുടങ്ങിയ പരിചയം കാലക്രമത്തിൽ ദൃഢീകരിച്ചു് അതി ശക്തിമത്തായ ഒരു ബാന്ധവമായിട്ടാണതീ നിന്നിരിക്കുന്നതു്. ദേശം, ഭാഷ, ആചാരം, സ്വഭാവരീതി ഇവയിൽ തുലോം വ്യത്യസ്തപ്പെട്ടവരായ പാണ്ഡ്യവർഗ്ഗക്കാരുടെയിടയിലുള്ള കേരളീയവിദ്യാർത്ഥികളുടെ ജീവിതം അവർക്കു് ഒരു നാടകടത്തലായി തോന്നിയിരിക്കണം. അനുകമ്പാ രഹിതമായ ഈ ചുറ്റുപാടുകളാൽ വലയം ചെയ്യപ്പെട്ട ഇവർക്കു് ആശ്വാസപ്രദനും, സംരക്ഷകനും, ഉപദേശകനും ഫാദർ ഒണോരെയായിരുന്നു. കേരളീയർക്കു് ഈ വിഷയത്തിൽ ഫാദർ ഒണോരെയോടുള്ള കടപ്പാടു് സെൻറ് ജോസഫ്സ്കോളജിൽ വിദ്യാർത്ഥിയായിരുന്ന യാതൊരു കേരളീയനും മറക്കുന്നതൊ, മറക്കുവുന്നതൊ അല്ല. ഫാദർ ഒണോരെയുടെ ശുപാർശഫലമായിട്ടാണു് കേരളീയർക്കു് ഒട്ടും രസിക്കാത്തതായ തമിഴ് പാചകസമ്പ്രദായസ്ഥാനത്തു മലയാളരീതിയിലുള്ള ഭക്ഷണം തയാറാക്കുന്നതിലേക്കു പ്രത്യേകം പാചകനെ വയ്ക്കുന്നതിനു കോളേജധികാരികൾ സമ്മതിച്ചതു്. ഈ ദ്ദേഹത്തിന്റെ അനുഭവപൂർവമായ വർത്തമാനം കേരളീയകത്തോലിക്കാ വിദ്യാർത്ഥികളെ സെൻറ്ജോസഫ്സ് കോളേജിലേക്കാകർഷിച്ച ഒരു മഹാശക്തിയാണു്. ഒരുകാലത്തു സെൻറ് ജോസഫ്സ് കോളേജിലെ കത്തോലിക്കാ വിദ്യാർത്ഥികളിൽ സിംഹഭാഗവും കേരളീയരായിരുന്നതിന്റെ കാരണവും ഇദ്ദേഹം തന്നെയാണു്. ഫാദർ ഒണോരെയുടെ സൌഹാർദ്ദപരവും അത്യന്തസ്നേഹപൂർവകവുമായ പൈതൃകമനോഭാവം സെൻറ്ജോസഫ്സ്

കോളേജ് ബോർഡിംഗിനെ കേരളീയകത്തോലിക്ക വിദ്യാത്ഥികൾക്ക് ഒരു വീടാക്കിത്തീർത്തു. കേരളീയകത്തോലിക്ക വിദ്യാത്ഥികളോടുള്ള ഇദ്ദേഹത്തിന്റെ അതിവാൽസല്യം കേരളീയരുടെ പിതാവെന്ന അപരനാമത്താൽ അദ്ദേഹം സാധാരണയായി അറിയപ്പെടുന്നതിനു് ഇടയാക്കിയെന്നു പറഞ്ഞാൽ നമ്മുടെ വിദ്യാത്ഥികളിൽ അദ്ദേഹത്തിനുണ്ടായ സ്ഥായി എത്രകണ്ടായിരുന്നു എന്നു് ഊഹ്യമാണല്ലൊ.

എന്നാൽ ഫാദർ ഒണോരെയോടു കേരളീയകത്തോലിക്ക സമുദായം തീരാത്തവണ്ണം കടപ്പെട്ടിരിക്കുന്നതു് കേരളീയകത്തോലിക്ക യുവജനസംഘം സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ നിസ്സീമ പരിശ്രമങ്ങളാം മൂലമാണു്. ഈ സമാജത്തിന്റെ ഇപ്പോഴത്തെ നില ഫാദർ ഒണോരെ ഒരാളുടെ ത്യാഗത്തിന്റെയും തിളയ്ക്കുന്ന ക്രിസ്തീയസാഹോദര്യത്തിന്റെയും ഫലമാണെന്നു പറയാതെ ഇരിക്കാൻ നിവൃത്തിയില്ല. ആയിരത്തിൽ അധികം അംഗങ്ങളും അടങ്ങിയ ഈ സമാജത്തിനു് ഇരുപതോളം കേന്ദ്രങ്ങളും; സമാജകാര്യങ്ങളും സമാജാംഗങ്ങൾക്കു പറ്റിയ വിഷയങ്ങളേയും കുറിച്ചു പ്രതിപാദിക്കുന്ന ഒരു മാസികയും, എറണാകുളത്തു സമാജം സെൻട്രൽ ആഫീസുവക ഒരു കെട്ടിടവും ഉദ്ദേശം 8000-ത്തോളം വരുന്ന ഒരു മൂലധനവും ഉണ്ടു്. പ്രസ്തുത സമാജത്തിനു് ഇപ്പോൾ കഷ്ടിച്ചു് ഫർ വയസ്സു പൂർത്തിയായതേയുള്ളു. ഈ ചുരുങ്ങിയ കാലംകൊണ്ടു് ഈ നിലയിൽ എത്തിയിട്ടുള്ള വേറൊരു സ്ഥാപനം നമുക്കില്ലെന്നുള്ളതു് തർക്കമറ്റ വിഷയമാണു്. എന്നാൽ ഇങ്ങനെ ഒരു സമാജത്തിന്റെ ആവശ്യം എന്താണെന്നു ചോദിക്കുന്നവർ തീർച്ചയായും ധാരാളമുണ്ടു്. ഉന്നതസ്ഥാനങ്ങളിൽ എന്നപോലെ സാധാരണക്കാരുടെയിടയിലും ഈ സമാജത്തിന്റെ ഉദ്ദേശ്യത്തേയൊ അതുകൊണ്ടുള്ള ഗുണങ്ങളേയൊ പറ്റിയുള്ള ജ്ഞാനം ശരിയായിട്ടില്ല. അല്ലായിരുന്നു എങ്കിൽ ഈ സ്ഥാപനത്തിന്റെ വളർച്ച ഇപ്പോഴുള്ളതിൽ പതിന്മടങ്ങായിരുന്നേനെ. ഇതിനോടു ശക്തിയായി എതിർപ്പില്ലാത്തിടത്തു് അവജ്ഞയാണുള്ളതു്. അംഗങ്ങളിൽ ഭൂരിപക്ഷവും വിദ്യാത്ഥികളാണു്. ഇവർ വിദ്യാത്ഥി ജീവിതം കഴിയുമ്പോൾ സാമാജികത്വ

വും ഉപേക്ഷിച്ചു വരുന്നതായിട്ടാണു് കാണുന്നതു്. ഇങ്ങനെ ഈ സ്ഥാപനത്തോടു ജനസാമാന്യത്തിനുള്ള അനുഭാവം ലജ്ജാകരമായ വിധത്തിൽ അത്ര ദുരമാണു്. ഇതിന്റെ പ്രധാനകാരണം സമുദായപരമായ നമ്മുടെ മന്ദജീവിതമാണു്. സാമൂഹ്യബോധം ഇതുവരേയും കത്തോലിക്കസമുദായത്തിനുണ്ടായിട്ടില്ല. നമ്മുടെ സമുദായത്തിന്റെ പ്രത്യേകാദർശങ്ങളെന്താണെന്നോ അവയുടെ പ്രാബല്യത്തിനും പ്രചാരണത്തിനും ആയി പ്രവർത്തിക്കേണ്ടതായിട്ടുണ്ടോ എന്നും അതിനു പറ്റിയ മാർഗ്ഗങ്ങൾ എന്താണെന്നും ഉള്ള വിഷയങ്ങളെപ്പറ്റി കത്തോലിക്കർ പൊതുവായൊ തനിച്ചോ ആലോചിക്കുന്നുണ്ടോ എന്നുള്ളതു് വളരെ സംശയമാണു്. കത്തോലിക്കപരമായ നമ്മുടെ ജീവിതത്തെപ്പറ്റി പറയുകയാണെങ്കിൽ അതു വെറും ഒരു ഒഴുക്കാണു്. എന്തോ ബാഹ്യശക്തിയുടെ തള്ളലിൽ നാം മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുകയാണു്. സ്വന്തമായ ആലോചനയുടെ ഫലമായി രൂപീകൃതമായ ഒരുപൊതുനയം നമുക്കില്ല. നമ്മുടെ യഥാർത്ഥാവശ്യങ്ങൾ എന്തെല്ലാമാണെന്നും അവയെ സാധിതപ്രായമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഏതെന്നും ആലോചിച്ചു തീർച്ചപ്പെടുത്തി നടപ്പിൽ വരുത്തുന്നതിനു തക്ക ഒരു സ്ഥാപനം ഏതാണു്? നമ്മുടെ മൂക്കിൽവന്നു മുട്ടുന്ന സംഗതിമാത്രമെ നമുക്കനുഭവപ്പെടുന്നുള്ളൂ. ദീർഘദൃഷ്ടിയോ ചുറ്റുപാടുകളെ അവലോകനം ചെയ്യുന്നയെന്നുള്ള പതിവോ ഒന്നും നമുക്കില്ല. കത്തോലിക്ക പരിശ്രമം (Catholic action) എന്നുവത്തിക്കാനിൽനിന്നുള്ള കാഹളധ്വനിയുടെമുഴക്കം ലോകമെല്ലാം മാറ്റൊലിക്കൊണ്ടിരിക്കുന്നഈഅവസരത്തിൽ നാം അതിന്റെസ്വരംപോലും കേൾക്കാത്ത മട്ടിൽ പ്രവർത്തിച്ചുവരുന്നതോർക്കുമ്പോൾ നമ്മുടെ കത്തോലിക്കജീവിതചൈതന്യം എത്രകണ്ടു് അസ്തപ്രായമായിരിക്കുന്നു എന്നു ഗ്രഹിക്കാം. കത്തോലിക്ക പരിശ്രമഫലമായി എന്തുപ്രസ്ഥാനമാണു നമ്മുടെ ഇടയിൽ ആരംഭിച്ചിട്ടുള്ളതു്? നാം അലസതയിലും മന്ദജീവിതത്തിലും ദിവസങ്ങൾ കഴിച്ചുകൂട്ടിവരുന്നു. ഈ അവസ്ഥയിൽനിന്നുണരുന്ന ലക്ഷണങ്ങളും അടുത്തു കാണുന്നില്ല. നമ്മുടെ കഴുത്തിനു കത്തിവയ്ക്കുമ്പോൾ മാത്രമെ നമ്മുടെ ശത്രുക്കളെ നാം അറിയുന്നുള്ളൂ. "ഭക്ഷണത്തിനിരിക്കുമ്പോൾ വാതേടിപ്പോകുക" എന്നുള്ള നയം നാം ഇനിയും

ഉപേക്ഷിച്ചിട്ടില്ല. നഷ്ടപ്പെട്ടുത്തിയ എത്ര അവസരങ്ങളെപ്പറ്റിയാണു നാമിപ്പോൾ ഖേദിക്കുന്നതു്. ഉദാഹരണമായിട്ടു സ്ക്കൂളുകളെ സംബന്ധിച്ചു നാം ഇതുവരെ അവലംബിച്ചിരുന്ന നയത്തെ പരിശോധിക്കാം. നമ്മുടെ പള്ളിമുതലിൽനിന്നോ അഥവാ ഇടവകജനങ്ങളിൽനിന്നോ എടുത്ത പണംകൊണ്ടു പണി ചെയ്യിച്ചിട്ടുള്ള എത്രയോ സ്ക്കൂളുകളാണു് സകല അവകാശങ്ങളും ഒഴിഞ്ഞു നാം ഗവമെണ്ടിലേക്കു് എഴുതിക്കൊടുത്തിട്ടുള്ളതു്! ഇതുപോലെതന്നെ നമ്മുടെ കൈവശമിരിക്കുന്ന സ്ക്കൂളുകളിലും വേദാദ്ധ്യാപനം അദ്ധ്യയനസമയത്തിൽ നടത്തുന്നതിനുള്ള സ്വാതന്ത്ര്യം ഇല്ലാതിരിക്കുന്നു.

പുതിയ സ്ക്കൂളുകൾ തുറക്കുന്നതിനു കത്തോലിക്കർക്കു് ഡിപ്പാർട്ടുമെൻറിൽനിന്നു നേരിട്ടുകൊണ്ടിരിക്കുന്ന നിരവധി തടസ്സങ്ങൾ ആവക പരിശ്രമങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ അനുഭവമാകുന്നു. എന്നാൽ ഈവക അസ്വാതന്ത്ര്യങ്ങളിൽനിന്നും പരിഹാരം നേടുന്നതിനു പര്യാപ്തമായ പ്രക്ഷോഭണം നടത്തുന്നതിനുള്ള ഒരു സംഘടന നമുക്കില്ല. ശക്തിമത്തായ ഏതൊരു പ്രക്ഷോഭണത്തിനും പ്രചാരണവേല ആവശ്യമാണു്. ഈവിധംപ്രചാരണവേല നടത്തുന്ന ഒരു സംഘത്തിൻെറ അഭാവമാണു് നമുക്കിപ്പോഴുള്ള കുറവുകളിൽ വലുതായിട്ടുള്ളതു്. കത്തോലിക്കാ സമുദായത്തിനു് അതതു സമയത്തു നേരിട്ടുകൊണ്ടിരിക്കുന്ന അസമത്വങ്ങളെ സമുദായത്തെ ഉൽബോധിപ്പിച്ചു് അവയെ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളിലൂടെ ശക്തിമത്തായ വേലചെയ്യുന്നതിനു് ഒരുക്കവും ത്രാണിയുമുള്ള യുവാക്കന്മാരുടെ ഒരു പ്രവർത്തനസംഘമാണു് ഇന്നത്തെ നമ്മുടെ ഏറ്റവും വലിയ ആവശ്യങ്ങളിൽ ഒന്നു്. ഈ ആവശ്യത്തെ സാധിക്കുന്നതിനാണു് ഫാദർ ഒണോരെ കേരള കത്തോലിക്ക യുവജനസംഘംകൊണ്ടുദ്ദേശിക്കുന്നതു്.

ഫാദർ ഒണോരെയിൽനിന്നു സംഘത്തിനു് ഇതുവരെ ലഭിക്കാനുള്ളവയെല്ലാം ലഭിച്ചു കഴിഞ്ഞിരിക്കുന്നു. സംഘത്തിൻെറ ഘടനാനിയമങ്ങൾ എന്നിവ അദ്ദേഹത്തിൻെറ അഗാധബുദ്ധിവൈഭവത്തിൻെറയും അസാമാന്യപ്രായോഗികജ്ഞാനത്തിൻെറയും എന്നപോലെ കേരളീയകത്തോലിക്കരോടുള്ള ഉള്ളുഴിഞ്ഞു

സ്നേഹത്തിന്റെയും സ്മാരകസ്തംഭമാണു്. ഇക്കഴിഞ്ഞ എട്ടുകൊല്ലങ്ങളിൽ ഫാദർ ഒണോരെയുടെ ചിന്തകളേയും വികാരങ്ങളെയും ഭരിച്ചുകൊണ്ടിരുന്ന ഒരൊറ്റവിഷയം കേരളീയകത്തോലിക്കയുവജനസംഘമാണു്. ഇതു് അദ്ദേഹത്തിനു് എത്രമാത്രം മനഃക്ലേശങ്ങളും ഇരാഭംഗങ്ങളും ദേഹയത്നവും സമയവ്യയവും വരുത്തീട്ടുണ്ടെന്നുള്ളതു്, സംഘത്തിന്റെ ഏതാവൽചരിത്രം അറിഞ്ഞിട്ടുള്ളവരായി അദ്ദേഹത്തോടു് അടുത്തുജീവിച്ചിരുന്നവർക്കേ അറിഞ്ഞുകൂടൂ. എഴുപതോളം അടുത്തിരിക്കുന്ന തന്റെ ഈ വാർദ്ധക്യകാലത്തു സംഘം പ്രമാണിച്ചു സ്വന്തചെലവിന്മേൽ ആണ്ടിൽ മൂന്നാലുപ്രാവശ്യം തൃശ്ശിനാപ്പള്ളിയിൽനിന്നും കേരളത്തിലേക്കു യാത്രചെയ്യാറുണ്ടു്. ഇവയെല്ലാം സംഘത്തിന്റെ ഗുണം ഒന്നുമാത്രം ഉദ്ദേശിച്ചു് അദ്ദേഹം സഹിക്കുന്ന ബുദ്ധിമുട്ടുകളാണു്. സംഘത്തിന്റെ ഉദ്ദേശ്യത്തെയൊ പ്രവർത്തനങ്ങളെയൊ പറ്റി ഒരു സാക്ഷിപത്രം ആവശ്യപ്പെട്ടാൽ ഫാദർ ഒണോരെയാണു് ചൂണ്ടികാണിക്കാവുന്നതുള്ളതു്. സംഘത്തിന്റെ നേതൃത്വം അദ്ദേഹം കൈയ്യേറ്റിട്ടുള്ളതു് കേരളീയ മതാദ്ധ്യക്ഷന്മാരുടെയും കേരളീയകത്തോലിക്ക സമുദായനേതാക്കന്മാരുടേയും ആഗ്രഹവും അപേക്ഷയും അനുസരിച്ചാണു്. സംഘത്തോടുള്ള നമ്മുടെ സഹകരണത്യാഗത്തേക്കാൾ ക്രൂരതലായ വഞ്ചനയും മായത്വവും നമുക്കു ചെയ്യുന്നതിനു നിവൃത്തിയില്ല. ദൈവം അതിനെ നിരോധിക്കട്ടെ. എന്തുകൊണ്ടെന്നാൽ ഒരു ദൈവയോഗമാണു് ഫാദർ ഒണോരെയെ നമുക്കു ലഭിച്ചിരിക്കുന്നതു്. പോക്കിന്റെ മുമ്പിൽ ഇട്ട പാവിഴത്തോടെന്നപോലെ ഇദ്ദേഹത്തോടു നാം വർത്തിക്കാതിരിക്കണം. ഈ അടുത്തുവരുന്ന ജൂബിലി നമുക്കു് അദ്ദേഹത്തോടുള്ള സ്നേഹത്തേയും കൃതജ്ഞതയേയും വിശ്വാസത്തേയും സഹകരണത്തേയും പ്രകടമായി പ്രകാശിപ്പിക്കുന്നതിനുള്ള ഒരു ഉത്തമാവസരമാണു്. ജൂബിലി ആഘോഷത്തെ സംബന്ധിച്ചുള്ള സംഘത്തിന്റെ കായ്യപരിപാടി വളരെ പരിമിതമായ ഒന്നാണു്. വെള്ളികാസ്സറോൾ അടങ്ങിയ ഒരു മംഗളപത്രം സമുച്ചയത്തിനു പുറമെ ലീഗുവക ഏറണാകുളത്തുള്ള കെട്ടിടത്തിൽ അദ്ദേഹത്തിന്റെ എണ്ണച്ചായപ്പടം അനാഛാദനം ചെയ്യുകയും അദ്ദേഹത്തിനു് ഇഷ്ടമുള്ള

വിഷയത്തിൽ ചെലവിട്ടന്നതിനായി ഒരു പണക്കിഴി സമർപ്പിക്കുകയും ചെയ്തഎന്നുള്ളതാണെകമ്മറിനിശ്ചയം. നാംഇതുയെങ്കിലും ചെയ്യാത്തപക്ഷം കൃതഘ്നതയിൽ നമ്മെ അതിശയിക്കുന്നതിനു ആരുമില്ലാത്ത തരത്തിൽ നമ്മുടെ സ്ഥാനം അത്ര നിന്ദ്യമായിരിക്കും. എല്ലാവരും യഥാശക്തി സഹകരിക്കുന്ന പക്ഷം ഇതെളുപ്പത്തിൽ സാധിക്കുന്നതാണു്. ഫാദർ ഒണോരെയോട്ട സ്വല്പമെങ്കിലും പരിചയമുള്ളവക്കു് ഈ വിഷയത്തിൽ എന്തെങ്കിലും ത്യാഗം ചെയ്യുന്നതിനു ഒട്ടും മടി കാണുകയില്ല. എന്നാൽ ഫാദർ ഒണോരെയെ പരിചയമില്ലാത്തവരെങ്കിലും, അദ്ദേഹം നിഷ്കളങ്കമായി സ്നേഹിക്കുന്നവരായ കേരളീയകത്തോലിക്കരെ ഉദ്ദേശിച്ചാണു് ഇത്രയും എഴുതിയതു്. അവക്കായി ഈ താഴെ വരുന്നതുകൂടി എഴുതി ഈ ലേഖനം നിവൃത്തുന്നു.

"നിങ്ങൾ ഫാദർ ഒണോരെയുടെ സ്നേഹത്തെ അവിശ്വസിക്കുന്നുവൊ? അദ്ദേഹത്തിന്റെ ഹൃദയം പരിശോധിക്കുക. അവിടെ "കേരളീയ കത്തോലിക്കർ" എന്നു് ആഴമായി കൊത്തിയിരിക്കുന്നതിനെ കാണാം."

കാളബലിയുംകല്ലേറും.

(ഫാദർ തോമസ് പ്രപന്നാൽ.)

വി. പൗലോസ് അപ്പസ്തോലൻ ക്രിസ്ത്യാനികളേയും ക്രിസ്തുനാമത്തെയും ഭ്രമുഖത്തുനിന്നും ഉച്ചാടനം ചെയ്യുന്നതിനു ശ്രമിച്ചതിന്റെ ഒരു പരിഹാരമെന്നോണം, തന്റെ മാനസാന്തരശേഷം സകലരേയും ക്രിസ്ത്യാനികളാക്കുന്നതിനും ക്രിസ്തുനാമത്തെ ലോകം മുഴുവൻ അറിയിക്കുന്നതിനും അക്ഷീണം പരിശ്രമിച്ചു. ഏതുദ്ദേശ്യാർത്ഥം അദ്ദേഹം പ്രൂജിയായിൽപ്പെട്ട അന്ത്യോക്യായിലും ഈർകോണിയായിലും എത്തി. കച്ചവടത്തിനായും മറ്റും അനവധി യഹൂദന്മാർ ആ പട്ടണങ്ങളിൽ അധിവസിക്കുന്നുണ്ടായിരുന്നു. അവരുടെ "സിനഗോഗിൽ" വച്ചു് ഇസ്രായേൽ

ക്കരും വിമതസ്ഥരും അടങ്ങിയ ഒരു വലിയ ജനക്കൂട്ടത്തോട് അദ്ദേഹം ക്രിസ്തുമതം പ്രസംഗിച്ചു. പലരും മാമ്മോദീസാ സ്വീകരിച്ചു ക്രിസ്ത്യാനികളായി. എന്നാൽ ഇതു യഹൂദപുരോഹിതന്മാർക്ക് അഭിമാനക്ഷയവും അസൂയാപകരവുമായിത്തോന്നി. അതുകയാൽ വി. പൗലോസിനും അദ്ദേഹത്തിന്റെ സഹപ്രവർത്തകനായ ബർണ്ണബാസിനും യഹൂദന്മാരുടെ ഉപദ്രവങ്ങളെഭയന്നു്, ഈ പട്ടണങ്ങളിൽനിന്നും ഓടിഒളിക്കേണ്ടിവന്നു. ഇങ്ങനെ ഇൻകോണിയായിൽനിന്നും നമ്മുടെ പ്രേഷിതന്മാർ ലിസ്ത്രിയായിൽ (Lystra) വന്നുചേർന്നു. ഇവിടെ യഹൂദന്മാർ ഉണ്ടായിരുന്നില്ല.

ലിസ്ത്രായിൽ അപ്പസ്തോലന്മാർ ആദരിക്കപ്പെട്ടു. വി. പൌലോസ് ക്രിസ്തുമതത്തെപ്പറ്റി അവിടെ ഒരു പ്രസംഗംചെയ്തു. ശ്രോതാക്കളുടെ കൂട്ടത്തിൽ ഒരു മുടന്തനും ഉണ്ടായിരുന്നു. നടക്കുന്നതിനുള്ള അസാദ്ധ്യത ജനനാൽതന്നെ അവൻ അനുഭവിച്ചിരുന്നതാണു്. നമ്മുടെ അപ്പസ്തോലൻ ഇവന്റെനേരെ സൂക്ഷിച്ചുനോക്കി. ആ നോട്ടം അവന്റെ മനസ്സിലെ അന്തർഗതങ്ങളെല്ലാം പ്രത്യക്ഷമാകത്തക്കവണ്ണം അത്രയ്ക്കുതരമായിരുന്നു ഇങ്ങനെ അവന്റെ ഭാവിവിശ്വാസസാഫല്യത്തെ അറിഞ്ഞശേഷം, വി. പൗലോസ് അവനോടു പറഞ്ഞു: "നിന്റെ കാലുകളിന്മേൽ നിവർന്നു് നിൽക്കുക" മുടന്തൻ അപ്രകാരം ചെയ്തു. അതീതകാലത്തു് അനുഭവിച്ചിട്ടില്ലാത്ത ഈ ശക്തിലാഭത്താലും ഹർഷാധിക്യത്താലും അവൻ മതിമറന്നു് കുതിച്ചുചാടി അങ്ങുമിങ്ങും ഓടിനടന്നു. ചുറ്റും നിന്നിരുന്ന ജനങ്ങൾ അത്ഭുതപരതന്ത്രരായി. "ഇവർ ദേവന്മാരാകുന്നു. മനുഷ്യരൂപമെടുത്തു് ദേവന്മാർ ഇതാ നമ്മുടെ പക്കൽ വന്നിരിക്കുന്നു." എന്നുആർപ്പുവിളിച്ചുകൊണ്ടു് അവർ ബർണ്ണബാസിനെ "ജൂപ്പിറർ" എന്നും പൗലോസിനെ "മെർക്കുറി" എന്നും നാമകരണംചെയ്തു. അവിടത്തെ ദേശഭാഷ നമ്മുടെ അപ്പസ്തോലന്മാർക്കു് പരിചിതമല്ലാതിരുന്നതിനാൽ ഈ അഭിപ്രായഗതികളൊന്നും അവർ അറിഞ്ഞില്ല

വി. പൗലോസ് പ്രവർത്തിച്ച അത്ഭുതത്തെപ്പറ്റിയുള്ള വർത്തമാനം നാടെല്ലാം പരന്നു. ആളുകൾ വിസ്മയത്താലും സന്തോഷത്താലും കൂട്ടംകൂടി ഓരോ അഭിപ്രായങ്ങൾ പുറപ്പെടുവിച്ചു.

ഒരു ക്ലൂട്ടർ അമ്പലത്തിൽചെന്നു് പുരോഹിതന്മാരെ വിവരം അറിയിച്ചു. ഉടൻതന്നെവന്നു് തങ്ങളെ സന്ദർശിച്ച ദേവന്മാർക്കു് ബലി സമർപ്പിക്കണമെന്നു് ആവശ്യപ്പെട്ടു. ജനങ്ങളും പുരോഹിതന്മാരും, ജൂപ്പിറ്ററിനും മെർക്കുറിക്കും ഇഷ്ടപ്പെട്ട ബലിമൃഗങ്ങളായതടിച്ചകാളകളുമായി, നമ്മുടെപ്രേഷിതന്മാരുടെ വാസസ്ഥലത്തേക്കു പുറപ്പെട്ടു. എവരും വിശേഷവസ്ത്രങ്ങൾ അണിഞ്ഞിരുന്നു. കാളകളേയും മോടിയായി അലങ്കരിച്ചാണു് അവർ കൊണ്ടുവന്നതു്. ഇവരുടെ ഉദ്ദേശ്യമെന്തെന്നു് ഇപ്പോൾ പൗലോസിനും ബർണ്ണബാസിനും മനസ്സിലായി. ദൈവദ്രോഹകരമായ ഈ പ്രവൃത്തിയിലുള്ള വെറുപ്പാലും കോപത്താലും വസ്ത്രങ്ങൾ കീറിക്കൊണ്ടു് പുറത്തുവന്നു് വി. പൗലോസു് വിളിച്ചുപറഞ്ഞു. "നിങ്ങൾ എന്താണു് ചെയ്യുന്നതു്? നിങ്ങളെപ്പോലെ ഞങ്ങളും മനുഷ്യരാണു്; പ്രകൃതിനിയമങ്ങൾക്കധീനരുമത്രെ. നിങ്ങൾ നിങ്ങളുടെ അന്ധവിശ്വാസത്തിൽനിന്നുണരുവിൻ. ആകാശവും ഭൂമിയും സൃഷ്ടിച്ച സത്യദൈവത്തിനുമാത്രം ബലിസമർപ്പിക്കുവിൻ." എന്നെല്ലാംപറഞ്ഞു് ദൈവലക്ഷണങ്ങളേയും, ദൈവത്തെമാത്രം ആരാധിക്കേണ്ട ആവശ്യകതയേയും ക്ലൂട്ടൽ വിശദമാക്കിക്കൊടുത്തു. എന്നാൽ അവൾക്കു ദർശിക്കുവാനും സ്പർശിക്കുവാനും സാധിച്ച ഈ ദേവന്മാരെ ഉപേക്ഷിച്ചു അദൃശ്യനായ ദൈവത്തിനായി പോകുമെന്നോ? അവരുടെ മദ്ധ്യേവന്നു പ്രവർത്തിച്ച അത്ഭുതത്തിനു് നന്ദിപ്രദർശിപ്പിക്കേണ്ടതെന്നോ? അപ്പസ്തോലന്മാർ പ്രസംഗിച്ച തത്വങ്ങളുടെ ദൈവികതയെ തെളിയിക്കുന്നതിനായി സ്വർഗ്ഗസ്ഥനായ ദൈവത്താൽ പ്രവർത്തിക്കപ്പെട്ടതാണു് ആ അത്ഭുതമെന്നു് അവൾക്കു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. അതു് അപ്പസ്തോലന്മാരുടെ സർവ്വശക്തിയേയും ദൈവതത്വത്തേയും തെളിയിക്കുന്നതായി അവർ അതിനെ പരിഗണിച്ചു് വീണ്ടുംയാഗം നടത്തുവാൻ സന്നദ്ധരായി. പൗലോസിന്റെ അതുല്യമായ നയവിശേഷത്താൽ മാത്രമെ ഈ പാപകരമായ ഉദ്യമത്തിൽനിന്നും അവരെ വിരമിപ്പിക്കുന്നതിനു സാധിച്ചുള്ളൂ. ആശാഭഗ്നരായ ജനക്കൂട്ടം ഒരു വിധത്തിൽ പിരിഞ്ഞുപോയി.

ഇതിനകം അന്ത്യോക്യായിൽനിന്നും ഇൻകോണിയായിൽ

നിന്നും കുറെ യഹൂദന്മാർ ലിസ്ട്രായിൽഎത്തി. നമ്മുടെ പ്രേഷിതന്മാക്ക് അവരുടെ ജോലിയിൽ എല്ലായിടത്തും പ്രതിബന്ധങ്ങളും വിഘ്നങ്ങളും ഉണ്ടാക്കുന്നതിനായി അവിടങ്ങളിലെ സിനഗോഗിനാൽ നിയുക്തരായിരുന്ന ഇവർ. പൗലോസും ബർണ്ണബാസും പ്രവർത്തിക്കുന്ന ആ അത്ഭുതങ്ങളും വെറും ചെപ്പടിവിദ്യകളാണെന്നും, അവർ അക്രമികളും വഞ്ചകന്മാരും അന്ത്യോക്യായിൽനിന്നും ഇൻകോണിയായിൽനിന്നും മരണം ഭയന്ന് ഓടിപ്പോന്നവരാണെന്നും, മറുംപറഞ്ഞു് ലിസ്ട്രാക്കാരെ ധരിപ്പിച്ചു. ആ പാവപ്പെട്ട ജനങ്ങളും അതെല്ലാം വാസ്തവമെന്നുവിശ്വസിച്ചുപോയി. അവരെ സന്ദർശിച്ച ദേവന്മാരോട് ലിസ്ട്രാക്കാർക്കുണ്ടായിരുന്ന ഭക്തിയും ബഹുമാനവുമെല്ലാം ഇപ്പോൾ മാറിവീണു. യഹൂദന്മാരുടെ വലയിൽപ്പെട്ട് അവർ തങ്ങളുടെ അപ്പസ്തോലന്മാരുടെനേരെ രോഷാകുലരായിത്തീർന്നു. തെരുവീഥിയിൽവച്ചു് അവർ വി. പൗലോസിനെവളഞ്ഞു. എല്ലാവരുംകൂടി, അദ്ദേഹത്തെ ഹനിക്കുന്നതിനായി കല്ലെറിഞ്ഞു; മൃതപ്രായനായി അദ്ദേഹം നിലംപതിച്ചു. അദ്ദേഹം മരിച്ചുവെന്നു വിചാരിച്ചു് അവർ ശരീരം വലിച്ചു് പട്ടണത്തിനു പുറത്തുകൊണ്ടുപോയി എറിഞ്ഞുകളഞ്ഞു.

വി. പൗലോസിന്റെ വേലയുടെ ഒരു പ്രത്യക്ഷഫലമായി ചുരുക്കംചിലർ ക്രിസ്തുമതം അവലംബിച്ചിരുന്നു. എന്നാൽ തങ്ങളുടെ ആത്മപിതാവിനോടു് ചെയ്തഅക്രമങ്ങളെ തടയുവാൻ അവർ ശക്തരായിരുന്നില്ല. എങ്കിലും അദ്ദേഹത്തിന്റെ ശരീ

പരസ്യം.

വി. പ്രം. മൂ. സഭക്കാർ ഉപയോഗിക്കുന്ന തവിട്ടുനിറത്തിലുള്ള ഒന്നാംതരം തുണിയും പള്ളികളിലേയും മറ്റും ഉപയോഗത്തിനുവേണ്ട പലനിറത്തിലുള്ള ജവുക്കാളങ്ങളും തുടായവിലയ്ക്ക് ഇവിടെ കിട്ടുന്നതാണു്.

സെൻറ് ജോസഫ്സ് ഓർഫനേജ് നെയ്ത്തുശാല,
അരമന, ചങ്ങനാശേരി.

രം സബഹുമാനം സംസ്കരിക്കുന്നതിനു് അവർ ഒരുമ്പെട്ടു. മറിവേറു് രക്തത്തിൽ മുഴുകിക്കിടക്കുന്ന ശരീരത്തിന്റെ അടുക്കൽ വന്നപ്പോൾ വി. പൗലോസു മരിച്ചിട്ടില്ലെന്നു് മനസ്സിലായി. അവരുടെ പരിചരണത്താലും, പ്രത്യേകമായി, അന്നു കൂട്ടിയായിരുന്ന തിമോത്തി (Timothy) യുടെ അമ്മയുടെ ശുശ്രൂഷയാലും കുറേക്കാലത്തിനുള്ളിൽ വി. പൗലോസു സൗഖ്യം പ്രാപിച്ചു. എങ്കിലും നമ്മുടെ അപ്പസ്തോലന്മാർ അവിടെ താമസിക്കാതെ ഒരു വിജാതീയ പട്ടണമായ ദെർബാ (Derba) യിലേക്കു കടന്നു. കുറേ നാളത്തേക്കെങ്കിലും യഹൂദന്മാരിൽനിന്നുള്ള ഉപദ്രവങ്ങളൊന്നുമില്ലാതെ ശാന്തമായും സൈ്വരമായും അവിടെ വേല ചെയ്തു.

ഓശാന പാടി എതിരേറു് സ്വീകരിക്കപ്പെട്ട ശ്രീയേശുക്രിസ്തുവിനെ ഒരാഴ്ചയ്ക്കുശേഷം കുരിശിൽ തൂക്കിയ യഹൂദഗണംഅദ്ദേഹത്തിന്റെ അപ്പസ്തോലവര്യനെ സൈ്വരമായി വർത്തിക്കുന്നതിനു് അനുവദിക്കുമോ?

(മറ്റൊരു പക്ഷത്തിൽനിന്നും തുടർച്ച.)

പാധീനത എന്നുള്ള ബലഹീനതയൊഴിച്ചു മനുഷ്യസ്വഭാവലക്ഷണങ്ങളും സകലതുമുള്ളതുകൊണ്ടു് നമുക്കു മിശിഹായുടെപക്കൽ സഹോദരതുല്യമായ സ്നേഹത്തോടും പ്രത്യാശയോടുംകൂടി അടയും പ്രാപിക്കുന്നതിനും സാധിക്കുന്നുണ്ടു്.

ഇതുകൂടാതെ മിശിഹായുടെ മനുഷ്യാവതാരംമൂലം സൃഷ്ടികർമ്മാകപ്പാടെ ഒരു സമ്പൂർണ്ണതയും അലങ്കാരവും ഉണ്ടായിട്ടുള്ളതും വിസ്മരിച്ചുകൂടാ. ഈ മഹാസംഭവം നടക്കുന്നതിനുമുൻപിൽ സ്രഷ്ടാവും സൃഷ്ടിയുംതമ്മിൽ അവർണ്ണനീയമായ ഒരു വ്യത്യാസമുണ്ടായിരുന്നു. എന്നാൽ മിശിഹായുടെ മനുഷ്യാവതാരത്തോടുകൂടി എത്രയുംവിചിത്രിക്കുന്നുഎന്നു ചിന്തിക്കുക. അത്യുന്നതനായ സ്രഷ്ടാവു് തന്റെ സ്വർഗ്ഗീയസിംഹാസനത്തിൽ സ്ഥിതിചെയ്തുകൊണ്ടു് സൃഷ്ടമായ ഒരു സ്വഭാവത്തിലേക്കു് കൈനീട്ടി അതിനെ സ്വയം സ്വീകരിക്കുന്നു!! ഈ പ്രവൃത്തിമൂലം ദൈവത്തന്റെ സൃഷ്ടികർമ്മത്തെത്തന്നെയും അത്യുന്നതം സമ്പൂർണ്ണവും ശോഭനവുമാക്കിത്തീർത്തിരിക്കുകയല്ലയോ ചെയ്തിട്ടുള്ളതു്.?

ഈ മനുഷ്യാവതാരം ദൈവത്തിന്റെ സ്വവല്ലഭത്വത്തിന്റെയും ജ്ഞാനസമ്പൂർണ്ണതയുടെയും ഒരുലക്ഷണാക്രുടിയാണെന്നുള്ളതിനു സംശയമില്ല. മനുഷ്യാവതീർണ്ണനായ മിശിഹായേക്കാൾ സമ്പൂർണ്ണനായ ഒരു സൃഷ്ടിഇല്ലതന്നെ. ഇങ്ങനെ ദൈവംതന്നെ മനുഷ്യനായി തീർന്നതിന്റെഫലമായിട്ടാണല്ലോ മനുഷ്യകുലത്തിന്റെ പാപത്തിനു ശരിയായപരിഹാരം സിദ്ധിച്ചിട്ടുള്ളതും. ഇങ്ങനെ വിവിധമാർഗ്ഗത്തിൽക്രൂടി പരിശോധിച്ചുനോക്കുന്നപക്ഷം അതുന്തം മാഹാത്മ്യമേറിയ മനുഷ്യാവതാര രഹസ്യത്തെപ്പറ്റി ഈ ഘട്ടത്തിൽ നാം ധ്യാനിച്ചുകൊണ്ടു് ദൈവനാമത്തെ മഹത്വപ്പെടുത്തേണ്ടതാണു്.

ജൂബിലിവത്സരത്തിന്റെ വിജയകരമായ അവസാനത്തിനു് കൃതജ്ഞത.

ഡിസംബർമാസത്തിലെ പൊതുനിയോഗം.



കത്തോലിക്കസഭയെ ഇപ്പോൾ ഭാഗ്യത്തോടുക്രൂടിഭരിച്ചുകൊണ്ടുപോരുന്ന ഫ്രാം പീയൂസു് മാർപാപ്പാതിരുമനസ്സിലെ ഗുരു

പ്പട്ടസപ്തതിജൂബിലി ഇക്കഴിഞ്ഞ സംവൽസരത്തിലാണല്ലോ ആ ഘോഷിക്കപ്പെട്ടതു്. ഈ ജൂബിലിവൽസരം അത്യന്തംവിജയകരമായ വിധത്തിൽ കഴിഞ്ഞുകൂടിയതിൽ കത്തോലിക്കരായ നമുക്കേവർക്കും അസാമാന്യ ചാരിതാർത്ഥ്യത്തിനവകാശമുള്ളതാകയാൽ ദൈവത്തിനു നാം പ്രത്യേകം നന്ദിപ്രദർശിപ്പിക്കേണ്ടതാണു്

മാർപ്പാപ്പാതിരുമനസ്സിലെ ജൂബിലിമഹാമഹത്തിൽ ലോകമഹാശക്തികളൊക്കയും മാർപ്പാപ്പാതിരുമേനിയുടെ നേരെയും കത്തോലിക്കാസഭയുടെ നേരെയും പ്രദർശിപ്പിച്ചിട്ടുള്ള ഭക്തിബഹുമാനാദരവുകളും അദ്ഭുതപൂർവ്വമായിരുന്നു. കത്തോലിക്കരാജ്യങ്ങളായ ഇറാലി, സ്പെയിൻ, ആസ്ത്രിയാ, ബെൽജ്യം, ഫ്റാൻസ് മുതലായവ മാത്രമല്ല, അകത്തോലിക്കമഹാശക്തികളായ അമേരിക്കൻ ഐക്യനാട്ട്, ഇംഗ്ലണ്ട്, ജെർമ്മനി, മുതലായവപോലും പരിശുദ്ധപിതാവിനെ ഹാർദ്ദവമായി അഭിനന്ദിക്കുകയും തിരുമേനിക്കു നിഷ്കളങ്കമായി മംഗളാശംസ ചെയ്കയും ചെയ്തിരിക്കുന്നു. ഇറാലിയൻരാജ്യാധികാരികളും തിരുസഭയും തമ്മിൽ നടന്നുകൊണ്ടിരുന്ന വിരോധനയം ഇല്ലാതായിട്ടുള്ളതു് പരിശുദ്ധപിതാവിന്റെ പ്രത്യേകപരിശ്രമഫലത്താലാണെന്നുള്ളതു് ഈ അവസരത്തിൽ വിസ്മരിച്കൂടാ. ഇപ്പോഠം ഭൂലോകമാസകലമുള്ള രാഷ്ട്രീയാധികാരികളും സഭാധികാരികളും തമ്മിൽ വിദ്യാഭ്യാസം സംബന്ധിച്ചു നടന്നുകൊണ്ടിരിക്കുന്ന അഭിപ്രായവ്യത്യാസങ്ങളെ കണ്ടറിഞ്ഞു് അവയ്ക്കു പരിഹാരമുണ്ടാക്കുന്നതിനായി പരിശുദ്ധപിതാവു പുറപ്പെടുവിച്ചിട്ടുള്ള തിരുവെഴുത്തുവിളംബരം ലോകമാസകലമുള്ള ചിന്തകന്മാരുടെ പഠനത്തിനും വിസ്മയത്തിനും പാത്രീഭവിച്ചിരിക്കുന്നു. ഇറാലി, ഗ്രേറ്റബ്രിട്ടൻ എന്നീ ഐഹികമഹാശക്തികളോടു പോലും ന്യായവാദംചെയ്യുസഭയുടെ അവകാശങ്ങളേ പരിപാലിക്കുന്നതിൽ പരിശുദ്ധപിതാവു പ്രദർശിപ്പിക്കുന്നധീരതയുംനയവൈശിഷ്ട്യവും അൽഭുതാവഹംതന്നെ. ഇത്രമഹാനായ ഒരു പോപ്പുരാജന്റെ കനകജൂബിലി മഹാമഹം സ്മരണീയമായികഴിഞ്ഞുകൂടിയതിൽമാത്രമല്ല നാം ദൈവത്തിനു നന്ദിപ്രദർശിപ്പിക്കേണ്ടതു്. ഈ ജൂബിലിവൽസരത്തിൽ തിരുസഭയുടെ അദ്ധ്യാത്മികഭണ്ഡാഗാരം ഔദാര്യപൂർവ്വം കത്തോലി

ക്കുസേ തുറന്നിട്ടിരിക്കേതന്നെ ആയിരുന്നു എന്നുവേണം പറയാൻ. അനേകം വിലപിടിച്ച ഭണ്ഡവിമോചനങ്ങളും ഈ അവസരത്തിൽ പലദേശവാസികളായ കത്തോലിക്കർ വിശ്വാസികൾക്ക് സിദ്ധിക്കുന്നതിനും, തന്മൂലം അനേകമാത്മാക്കൾ വിശുദ്ധിയിലും സുകൃതാഭ്യാസങ്ങളിലും വർദ്ധിക്കുന്നതിനും ഇട വന്നിട്ടുണ്ട്. കേവലം ലൌകികമായ ആഡംബര പ്രദർശനങ്ങളേക്കാൾ ദൈവത്തിനു സന്തോഷകരമായിട്ടുള്ളതു് ആത്മാക്കളുടെ പുണ്യാഭിവൃദ്ധിയാകയാൽ ഈ വിഷയത്തിൽ നാം പ്രത്യേകം ദൈവത്തിനു നന്ദി പ്രദർശിപ്പിക്കുവാനുള്ളതാണു്.

ആകയാൽ ലൌകികമായും ആദ്ധ്യാത്മികമായും അസംഖ്യം നന്മകൾ തിരുസഭയ്ക്കു സിദ്ധിച്ചിട്ടുള്ള ഈ ജൂബിലിവൽസരത്തിന്റെ വിജയസമാപ്തിയിൽ ദൈവത്തിനു് നന്ദി പ്രദർശിപ്പിക്കുന്നതിലേയ്ക്കു് ജപമാലസ്തോത്രസഖ്യാംഗങ്ങൾ ഈ ഡിസംബർ മാസത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്.

വാർത്താസംഗ്രഹം.

മാർപാപ്പാദിനം—ഇക്കഴിഞ്ഞ ഒക്ടോബർ അവസാനത്തിൽ ക്രിസ്തുവിന്റെ രാജത്വതിരുനാൾ ഇംഗ്ലീഷ് കത്തോലിക്കർ ആഘോഷിച്ചതു് ഒരു പ്രത്യേകവിധത്തിലായിരുന്നു. അന്നേദിനം വെസ്റ്റ്മിനിസ്റ്റർ അതിരൂപതയിലെ കത്തോലിക്കുജനങ്ങൾ പള്ളിയിൽനിന്നും ഇറങ്ങുന്ന അവസരത്തിൽ മാർപാപ്പായുടെ ചെറുകൊടികൾ വിലയ്ക്കുവാങ്ങി ഉടുപ്പിൽ ധരിക്കുകയുണ്ടായി. ഇങ്ങനെ വിരിഞ്ഞുകിട്ടിയ പണം പരിശുദ്ധസിംഹാസനത്തിലേക്ക് അയച്ചുകൊടുക്കുകയും ചെയ്തിരിക്കുന്നു.

ഒരു മിശ്രവിവാഹം—ബൽഗേറിയായിലെ ബോറീസ് തൃതീയനും ഇറ്റലിയിലെ ഒരു രാജകുമാരിയും തമ്മിലുള്ള വിവാഹം അസ്സീസിയിലുള്ള ദേവാലയത്തിൽവച്ചു നടന്നിരിക്കുന്നു. വരൻ കത്തോലിക്കു മതാനുസാരിയല്ലാത്തതുമൂലം ദേവാലയത്തിനകത്തുള്ള കർമ്മങ്ങൾ കേവലം അനാഡംബരമായിട്ടുമാത്രമേ നടന്നുള്ളൂ.

പലസ്തീനാരാജ്യം—മിശിഹായുടെ ഐഹികജീവിതത്താൽ പരിപാവനമാക്കപ്പെട്ടിട്ടുള്ള പലസ്തീനാ രാജ്യത്തിൽ അറബികളും യഹൂദന്മാരും തമ്മിൽ ശണ്ഠകളും അവകാശവാദങ്ങളും നടന്നുകൊണ്ടിരിക്കുകയാണെല്ലൊ. ഈ അവസരത്തിൽ ബ്രി. ഗവർമ്മെണ്ടിൽനിന്നും പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഒരു ഔദ്യോഗികപ്രസിദ്ധീകരണത്തിൽ അറബികളുടെയും യഹൂദന്മാരുടെയും അവകാശങ്ങളെ തുല്യമായി ഗണിച്ചു കായ്ങ്ങൾ ശരിപ്പെടുത്തുന്നതാണെന്നു പ്രസ്താവിച്ചു കാണുന്നു.

ചൈനായിലെ ബഹളങ്ങൾ—ചൈനായിലെ വിപ്ലവകാരികൾ കത്തോലിക്കസഭയ്ക്കെതിരായി പല അക്രമങ്ങളും നടത്തി വരുന്നു. ഈയിടെ ചില മുട്ടാളന്മാർ സംഘംചേർന്ന് ഒരു കത്തോലിക്കമെത്രാനെയും ആറു വൈദികരെയും ഫാ കന്യാസ്ത്രീകളെയും പിടിച്ചു ബന്ധനസ്ഥരാക്കുകയുണ്ടായി. കുറെ സമയം കഴിഞ്ഞപ്പോൾ കൈക്കൂലി ശേഖരിക്കുന്നതിനായി ഏതാനുംപേരെ വിട്ടയൽ ചെയ്കയും ചെയ്തുവത്രെ.

ബഥനി മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട്—ബഥനി മെത്രാപ്പോലീത്താ തിരുമനസ്സിലേയും മറ്റും പുനരൈക്യം സംബന്ധിച്ചു യൂറോപ്പ് അമേരിക്കാ മുതലായ വിദേശങ്ങളിലെ പത്രങ്ങളിൽ സുദീർഘലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തി കാണുന്നു. തിരുമനസ്സുകൊണ്ട് ഈയ്യിടെ മദ്രാസ്സ് സന്ദർശിച്ചു, തോമ്മാശ്ലീഹായുടെ കബറിടത്തിൽ ദിവ്യപൂജ സമർപ്പിച്ചിരിക്കുന്നു.

രണ്ടുമാനസാന്തരങ്ങൾ—മാർ ഇവാനിയോസ് തിരുമനസ്സുകൊണ്ട് മദ്രാസ് സന്ദർശിച്ച സമയം സുപ്രസിദ്ധഭാരതീയ നേതാക്കന്മാരിൽ ഒരാളായ ബാരിസ്റ്റർ ജോർജ്ജുജോസഫും മദ്രാസിലെ ആരോഗ്യവകുപ്പിൽ ഒരു നല്ല സ്ഥാനം വഹിക്കുന്ന മി. പി. സി. ചെറിയാൻ എം. ഏ. യും കത്തോലിക്കസഭയിൽ ചേരുകയുണ്ടായി. ഈ അവസരത്തിൽതന്നെ പാമരന്മാരായ പലർ ബഥനി പ്രസ്ഥാനത്തെ അധിക്ഷേപിക്കുന്നുണ്ടെന്നുള്ളതും വിസ്മരിച്ചുകൂടാ.

ഡെലിഗേറ്റ് തിരുമസ്സുകൊണ്ട്—ഇൻഡ്യയുടെ ലത്തീൻകത്തോലിക്കാ തിരുമനസ്സുകൊണ്ട് അമേരിക്കയിൽ നിന്നു മടങ്ങി റോമയിൽ ചെന്ന് പരിശുദ്ധപിതാവിനെ സന്ദർശിച്ച ശേഷം ഇൻഡ്യയിൽ വന്നുചേർന്നിരിക്കുന്നു.

വിദ്യാഭ്യാസകോൺഫറൻസ്—ചങ്ങനാശേരി രൂപതയിലെ കത്തോലിക്കസ്കൂൾ മാനേജരന്മാരുടെ ഒരു കോൺഫറൻസ് എ. പെ. പെ. ബ. മെത്രാനച്ചൻ തിരുമനസ്സിലെ അദ്ധ്യക്ഷത്തിൽ കൂടുക

യും, വേദപാഠത്തെ സംബന്ധിച്ചും മറ്റും പല ആലോചനകൾ നടത്തുകയും ചെയ്തിരിക്കുന്നു.

സന്തോഷിക്കുന്നു—ദിവ്യശ്രീ മഠത്തിൽ കുഞ്ഞൻകത്തനാർ അവർകൾ ലണ്ടനിൽ ഒരു സൊസൈറ്റിയുടെ അഭിമുഖ്യത്തിൽ നടത്തുന്ന വിദേശഭാഷാസംബന്ധമായ ഒരു പരീക്ഷയിൽ പ്രശസ്തവിജയം പ്രാപിച്ചിരിക്കുന്നതായും എഫ്. ആർ. സി. എ. എന്ന പദവി അർഹിച്ചിരിക്കുന്നതായും അറിയുന്നതിൽ സന്തോഷിക്കുന്നു.

കത്തോലിക്കായ്മ

വി കുർബാനയുടെ ശേഷം മുന്നൂനമ്മനിറഞ്ഞമറിയം, രാജകന്യക മുതലായ ജപങ്ങൾ ചൊല്ലുന്നപതിവ് പതിമ്മൂന്നാം ലയോൻസുപ്പാപ്പാ തിരുമനസ്സുകൊണ്ടു റോമൻ കായ്ത്തിന്റെ രീതിമാനത്തിനായി ഏർപ്പെടുത്തീട്ടുള്ളതാണല്ലൊ. എന്നാൽ ദൈവസഹായത്താൽ റോമൻ കായ്മ ശുഭകരമായി പര്യവസാനിച്ചിരിക്കയാൽ മേലാൽ പ്രസ്തുത ജപങ്ങൾ റഷ്യയിലെ മതപീഡനം അവസാനിക്കുന്നതിലേയ്ക്കു ചൊല്ലണമെന്നു 11-ാം പീയുസുമാപ്പാപ്പാ കൽപിച്ചിരിക്കുന്ന വിവരം സകലരേയും തെര്യപ്പെടുത്തുന്നു.

വിദ്യാഭ്യാസവകുപ്പ്.

ഈ തുപതയിലുള്ള കൊർണാകുലർ സ്ക്കൂൾമാനേജരന്മാരുടെ സൗകര്യത്തെ ഉദ്ദേശിച്ചു, ഗവർമെൻറ് വക വിദ്യാഭ്യാസ വകുപ്പുമായുള്ള കത്തിടപാടുകൾ തുപതവക വിദ്യാഭ്യാസ വകുപ്പിൽനിന്നും നടത്തുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ മേലാൽ സാധാരണ കത്തിടപാടുകളൊഴിച്ചുള്ള എല്ലാപ്രധാന സംഗതികളും തുപതാ വിദ്യാഭ്യാസ ആഫീസിൽ അറിയിച്ചു പ്രസ്തുത ആഫീസു മുഖേന നിവൃത്തിമാർഗ്ഗമുണ്ടാക്കുന്നതു മാനേജരന്മാർക്കു കൂടുതൽ സൗകര്യപ്രദമായിരിക്കുമെന്നു ഓർമ്മപ്പെടുത്തുന്നു.

തുപതയിലുള്ള പള്ളിവക സ്ക്കൂളുകളിലെ ഏതൊങ്കിലും അദ്ധ്യാപകനെ പിരിച്ചു വിടുന്നതിനുമുമ്പായി തുപതാ വിദ്യാഭ്യാസ ഡയറക്ടരുടെ അനുമതി വാങ്ങിക്കേണ്ടതാണു്.

സ്ക്കൂളുകളുടെ വരവു ചെലവു കണക്കുകൾ വിവരമായി എല്ലാ മാനേജരന്മാരും പ്രത്യേകം എഴുതി സൂക്ഷിക്കേണ്ടതും ഡയറക്ടർ ആവശ്യപ്പെടുന്ന അവസരത്തിൽ പ്രസ്തുതകണക്കുകൾ കാണിക്കേണ്ടതുമാണ്. വള്ളിവക ആണ്ടുതിരുന്നാൾ ശരിപ്പെടുത്തുന്നതിനായിക്കൂടുന്ന യോഗത്തിൽ മേല്പടി സ്ക്കൂൾവക കണക്കുകൾകൂടി വായിക്കേണ്ടതും ആണ്ടിനാ ല്യുള്ള ആകെവരവുചെലവു സംഖ്യ വള്ളിനാൽവഴിയിൽ ചേർത്തെഴുതേണ്ടതും, നീക്കിയിരിപ്പുണ്ടായിരുന്നാൽ ഒരു മാസത്തെ ശമ്പളത്തിനു വള്ളതുക നീക്കി ബാക്കിയുള്ള സംഖ്യ ബ. മാനേജരന്മാർ വള്ളിക്കായ്യത്തിൽ ഏൽപ്പിക്കേണ്ടതുമാണ്.

ച. അരമന
വടി. ഫ്രാ. സേറ } കാളാശ്ശേരിൽ ജയിംസുമെത്രാൻ.

വ്യ. പെ. പെ. ബ.

മെത്രാനച്ചൻ തിരുമനസ്സിലെ വള്ളിസന്ദർശന

പ്രോഗ്രാം.

ഫെബ്രുവരി ഡിസംബർ

ഫെ-൦൩-	കാലത്തു	ഫ൦	മണിക്കു	ചേർപ്പുങ്കൽ
ഫ്രാ-൦൩-	ഉച്ചകഴിഞ്ഞു	ര	,,	പാലാ
ബ്രു-൦൩-	കാലത്തു	ഫ൦	,,	ളാലംപഴയ
ഭര-൦൩-	,,	ഫ൦	,,	ളാലംപുതിയ
ഭദി-൦൩-	,,	ഫ൦	,,	മുണ്ടങ്കൽ
ബ്രു-൦൩-	,,	ഫ൦	,,	കവീക്കുന്നു
ഭെ-൦൩-	,,	ഫ്രാ൯	,,	അരമന.

ബ. വൈദികരുടെ സ്ഥലം മാറ്റം.

കുട്ടിക്കൽവള്ളി	ഏണേക്കാട്ടു.	ബ. യൗസേപ്പച്ചൻ	വികാരി
കണ്ടങ്കേരിപ്പള്ളി	ശ്രാമ്പിക്കൽ	ബ. സ്ക്കറിയാച്ചൻ	,,
ചങ്ങനാശേരിവള്ളി	ഏചംകുന്നത്തു	ബ. ഗീവറുഗീസച്ചൻ	അസിസ്റ്റന്റി
അരുവിപ്പുറംപള്ളിതൈത്തോട്ടത്തിൽ		ബ. ചാക്കോച്ചൻ	,,
പൂന്നത്തുറപള്ളി	ചന്ദ്രക്കുന്നേൽ	ബ. അബ്രാഹമച്ചൻ	,,
കുമ്പനാടംപള്ളികുന്നത്തുപുരയിടം		ബ. ദേവസ്യാച്ചൻ	,,
തുരുത്തിപ്പള്ളി	കോലത്തു	ബ. യൗസേപ്പച്ചൻ.	,,

ഉപകാരസ്മരണകൾ.

വ. റീത്തപുണ്യവതിയുടെയും തിരുക്കുടുംബത്തിന്റെയും സഹായത്താൽ അസാദ്ധ്യമെന്നു കരുതിയിരുന്ന ഒരു കാര്യം സാധിച്ചതിനുപകാരസ്മരണ രൂപാ 1.

മൂലയിൽ ശ്രീമതി റോസമ്മ. കുമ്പനാടം.

വി. കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥതയാൽ എന്റെ മകളുടെ സുഖക്കേടു ഭേദമായതിനുപകാരസ്മരണ രൂപാ 1.

പുതുമന പൈലോമത്തായി

വി. കന്യക മറിയത്തിന്റെയും യോഹന്നാൻ മാംദാനാ. വി. കൊച്ചുത്രേസ്യാ എന്നീ പുണ്യാത്മാക്കളുടേയും സഹായത്താൽ സിദ്ധിച്ച സഹായത്തിനുപകാരസ്മരണ ഈ. ജെ. സക്കറിയാസ്.

പരമാർത്ഥം.

തലയോലപ്പറമ്പു പള്ളിയുടെ വികാരി കൊഴുവനാൽ ഇടവകയിലെ മണിയങ്ങാട്ടു ബ. മത്തായി അച്ചന്റെ വാത്സല്യമാതാവ് അന്ത്യക്ലേശകളെല്ലാം സുബോധത്തോടേ കൈക്കൊണ്ടു ഈ നവംബർ 16-ാം തീയതി കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ഈ ആളിന്റെ ആത്മാനുക്ലേശാർത്ഥം വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം

"ജ്ഞാനപൂന്തോപ്പ്."

ഒരു പുതിയ പ്രാർത്ഥനാ പുസ്തകം.

(റവ. മാത്യു ആലക്കളം)

ദിവ്യപൂജ, കുമ്പസാരം, കർബ്ബാന, വിസീത്ത, ഒരുമണിആരാധന, ആഴ്ചധ്യാനങ്ങൾ, സ്ലീവാപാഠം, സംഗീതങ്ങൾ, നൊവേനകൾ, മദ്ധ്യസ്ഥപ്രാർത്ഥനകൾ, തിരുസഭാവിവരണങ്ങൾ മുതലായി അത്യാവശ്യപ്പെട്ട എല്ലാജപങ്ങളും വി. പ്രം. മൂ. സഭയുടെ നിയമങ്ങളുംഇതിലടങ്ങിയിരിക്കുന്നു. നിയമങ്ങൾ തനിച്ചുകിട്ടുന്നതല്ല.

കാലിക്കോ ബയണ്ടു് രണ്ടോംഭാഗം വില അണ വ
ഒന്നും രണ്ടുംകൂടി " " ഫാ

മദ്ധ്യാഹ്നൻ,,ഡിപ്പോ
ചങ്ങനാശേരി.

പരസ്യം

പള്ളിയ്ക്കോണോസുകളിലും മറ്റു പള്ളി ആവശ്യങ്ങൾക്കും ഉപയോഗിക്കുന്ന നാടൻ വെള്ള തേൻ മെഴുകുതിരികളും, സ്പ്രിങ്ങിൽ വെക്കാവുന്ന ചെറുതരം തിരികളും, ക്രൂശടെ വെള്ള മെഴുകുതകിടുകളും വില്പാനുണ്ട്

കുന്നത്തു ഔസേപ്പ് ഔസേപ്പ്
ഉടമസ്ഥൻ. ചങ്ങനാശ്ശേരി.

പഞ്ചാംഗം.

ഡിസംബർ ൩൧

ഇം. മല.

൧. ൨൨. ഞ ✠ ആഗമ. ൧-ാം. ഞാ. ഹറ് ൨. മെസ്.
൨. ൨൩. തി. ✠ എ. ഭേ. ക. മ. അമലോത്ഭവം
൩. ൨൪. ബു. ഞ ✠ ആഗ. ൨-ാം. ഞാ. കദ്. ൩. ഹറ്.
൪. ൨൫. ന. ഞ. ✠ ആഗ. ൩-ാം. ഞാ ഹറ് ൪. കദ്
൫. ൨൬. ഫ്രാ. വ്യാ. ✠ ന, കപിറവി.
൬. ൨൭. ഫ്രാ. ഞ. ✠ (പിറ. ഇട. ഞാ.) കദ് ൫. മെസ്
അടുത്ത വ്യാഴം ൪ടം. അടുത്തതു ൨൩. വെള്ള

Reg No. 21. വേ പ്ര. മദ്ധ്യസ്ഥൻ

"പത്താംപിയൂസുപാപ്പാ"

സഹൃദയശിരോമണികളായ എല്ലാകേരളീയരും
വായിച്ചിരിക്കേണ്ട അതിവിശേഷമായ

ഒരു ജീവചരിത്രഗ്രന്ഥം!!

ഏറ്റവും ആകർഷണീയം!! ഏവരും വായിച്ചിരിക്കേണ്ടതു്!!!

ഗ്രന്ഥകാരൻ

റവ. തോമസ്സ് കളം കാവാലം.

ഡോൺബെനിഡിക്ടു പിയാമിയാൽ വിരചിതമായ മൂലഗ്രന്ഥത്തിന്റെ ആശയത്തിനു ഭംഗംവരാതെ ലളിതവും സരസവുമായ ഭാഷയിൽ തർജ്ജമചെയ്തിരിക്കുന്നു. കഥാനായകനേ വിശുദ്ധന്മാരുടെ പട്ടികയിൽ ചേർക്കുവാൻ കർത്തോലിക്കസഭ ശ്രമിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ, പ്രസ്തുതഗ്രന്ഥത്തിന്റെ ഒരു പ്രതി ഏവരുടേയും കൈവശത്തിൽ ഉണ്ടായിരിക്കേണ്ടതിന്റെ അവശ്യകത പ്രത്യേകം പറയേണ്ടതില്ലല്ലോ. സുമനസ്സുകളുടെ മുമ്പിൽ വൃത്തിയായി അച്ചടിച്ചു് അവതരിപ്പിക്കുവാനായിരിക്കുന്നു. അധികം പ്രതികളില്ല.

അവശ്യക്കാർ താഴെക്കാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കുക

മാനേജർ,
മദ്ധ്യസ്ഥൻബുക്ക്ഡിപ്പോ
ചങ്ങനാശ്ശേരി.

Printed and published by Rev. Fr. M. Alakalam at the St. Joseph's Orphanage Press Changanacherry.